പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 331 — 17.03.2010 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ അറവുശാലകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.സാജുപോൾ<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എ.എം.ആരിഫ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ അറവുശാലകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) അംഗീകാരമുള്ളതും മാനദണ്ഡ പ്രകാരം പ്രവർത്തിക്കുന്നതുമായ അറവുശാലകൾ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നിലവിൽ ഉള്ളത് എന്നറിയിക്കുമോ ; | (ബി) 16 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാനദണ്ഡപ്രകാരമുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ളതുമായ അറവുശാലകൾ നിലവിലുണ്ട്. |
| (സി) അറവുശാലകളിൽ നിന്നും മാലിന്യങ്ങൾ നീക്കാനും സംസ്ക്കരിക്കുവാനും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (സി) ഉണ്ട്. |

(ഡി) അറവുശാലകൾ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ്;

(ഡി) അറവുശാലകൾ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ആരോഗ്യവകുപ്പിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഹെൽത്ത് ഇൻസ്പെക്ടർമാർ , മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻമാർ, മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥൻമാർ എന്നിവരെയാണ് പരിശോധനയ്ക്കായി നിയോഗിച്ചിട്ടുള്ളത്.

(ഇ) പ്രസ്തുത ഉദ്യോഗസ്ഥർ ഏതെങ്കിലും അറവുശാലകളുടെ പ്രവർത്തനം നിർത്തി വയ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(ഇ) 2006-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് താഴെപ്പറയുന്ന 29 അറവുശാലകൾക്ക് അടച്ചുപൂട്ടൽ ഉത്തരവ് നൽകിയിരുന്നു.

ആലപ്പുഴ, ചേർത്തല, കായംകുളം, ആലുവ,കലൂർ,മട്ടാഞ്ചേരി, നോർത്ത് പറവൂർ, പെരുമ്പാവൂർ, കൊല്ലം, പത്തനാപുരം, പുനലൂർ, ഈരാറ്റുപേട്ട, കോട്ടയം, വൈക്കം , വടകര, മലപ്പുറം, ഒറ്റപ്പാലം, പാലക്കാട്, പത്തനംതിട്ട, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം, വർക്കല, ചാലക്കുടി, ഇരിഞ്ഞാലക്കുട, കുന്നംകുളം, തൃശ്ശൂർ, നെടുമങ്ങാട്, തൊടുപുഴ. ഇവയിൽ താഴെപ്പറയുന്ന 12 എണ്ണം ഇപ്പോഴും പ്രവർത്തിക്കുന്നില്ല.

ആലപ്പുഴ, ചേർത്തല, കലൂർ, മട്ടാഞ്ചേരി, ഈരാറ്റുപേട്ട, മലപ്പുറം, ഒറ്റപ്പാലം, പാലക്കാട്, ആറ്റിങ്ങൽ, വർക്കല, കുന്നംകുളം, തൊടുപുഴ.

| | | | |
|---|---|---|---|
| | | | പത്തനാപുരം, പുനലൂർ, ഇരിങ്ങാലക്കുട എന്നിവ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെയാണ് പ്രവർത്തിക്കുന്നത്. നിയമാനുസൃതം മാത്രമേ അറവുശാലകൾ പ്രവർത്തിക്കുവാൻ പാടുള്ളൂ എന്ന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (എഫ്) | നിയമപ്രകാരമല്ലാത്ത അറവുശാലകളും മാംസ–മത്സ്യവിപണന കേന്ദ്രങ്ങളും അടച്ചു പൂട്ടാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.332 — 17.3.2010 ൽ മറുപടിയ്ക്ക്

### അന്യ സംസ്ഥാന ലോട്ടറികൾ

**ചോദ്യം** — **ഉത്തരം**

ശ്രീ.വി.ഡി.സതീശൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.സി.പി. മുഹമ്മദ്

ഡോ.റ്റി .എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് അന്യ സംസ്ഥാനങ്ങൾ നേരിട്ടല്ലാതെ നടത്തുന്ന എത്ര ലോട്ടറികളുണ്ട്; | (എ) പേപ്പർ ലോട്ടറീസ് ആക്ട് പ്രകാരം കേരളത്തിൽ മുൻകൂർ നികുതി അടച്ച് മാത്രമേ പേപ്പർ ലോട്ടറികൾ വിൽപന നടത്താൻ കഴിയൂ. ഇപ്രകാരം മുൻകൂർ നികുതി അടച്ച് കേരളത്തിൽ വിൽക്കപ്പെടുന്ന അന്യ സംസ്ഥാന ലോട്ടറികൾ സിക്കിം, ഭൂട്ടാൻ എന്നിവയുടേതാണ്. |
| (ബി) ഇവ ലോട്ടറി നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് ലംഘിക്കുന്നത്; | (ബി) വിജിലൻസ് റിപ്പോർട്ടനുസരിച്ച് കേന്ദ്ര ലോട്ടറി നിയമത്തിലെ 4(ബി), 4(ഡി), 4(എച്ച്) എന്നീ വ്യവസ്ഥകളാണ് അന്യ സംസ്ഥാന ലോട്ടറികൾ ലംഘിക്കുന്നത്. |
| (സി) ആരെല്ലാമാണ് ഈ ലോട്ടറികൾ നടത്തുന്നത്; | (സി) ഈ ലോട്ടറികളുടെ പ്രൊമോട്ടർ മേഘ ഡിസ്ട്രിബ്യൂട്ടേഴ്സ്, കുന്നത്തൂർ മേട്, പാലക്കാട് എന്ന സ്ഥാപനമാണ്. |
| (ഡി) ഇവർ സംസ്ഥാന ഗവൺമെന്റിന് നികുതിയിനത്തിൽ എത്ര തുക കുടിശ്ശിക വരുത്തിയിട്ടുണ്ട്; | (ഡി) കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട് നിലവിൽ വന്നതിനുശേഷം നികുതി അഡ്വാൻസ് ആയി അടയ്ക്കുന്നതിനാൽ ആ നിയമത്തിൻ കീഴിൽ നികുതി കുടിശ്ശിക നിലവിലില്ല. കെ.ജി.എസ്.ടി ആക്ടിൻ കീഴിലെ നികുതി കുടിശ്ശികയെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സൺറൈസ് അസോസിയേറ്റ്സ് കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ കുടിശ്ശിക ഒന്നും നിലവിലില്ല. |
| (ഇ) ഇവർ ലോട്ടറി നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | (ഇ) ലോട്ടറി നിയമവ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് എതിരായ ശക്തവും, നിയമപരവുമായി എല്ലാ നടപടികളും സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) ഇവരിൽ നിന്നും ഒരു വർഷം ശരാശരി എത്ര നികുതി വീതം കിട്ടുന്നുവെന്ന് അറിയിക്കുമോ? | (എഫ്) 76.65 കോടി രൂപ |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.333** **17.03.2010 ൽ മറുപടിക്ക്**

## *സംസ്ഥാനത്തെ ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി നടപടി*

**ചോദ്യം**

*ശ്രീ. കെ.കെ. ദിവാകരൻ*
*ശ്രീ. പി. ജയരാജൻ*
*പ്രൊഫ. സി. രവീന്ദ്രനാഥ്*
*ശ്രീ. വി.ജെ. തങ്കപ്പൻ*
*ശ്രീ. അൽഫോൺസ് കണ്ണന്താനം*

**ഉത്തരം**

*ഡോ. റ്റി.എം.തോമസ് ഐസക്*
*ധനകാര്യ മന്ത്രി*

| | | |
|---|---|---|
| എ. | സംസ്ഥാനത്തെ ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | നികുതി പിരിവ് കാര്യക്ഷമമാക്കി. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി റിസർവ്വ് ബാങ്കിൽ നിന്നും ഓവർ ഡ്രാഫ്റ്റ് ഉണ്ടാകാത്ത രീതിയിൽ വരവ് ചെലവുകൾ ക്രമീകരിക്കുകയും കടമെടുപ്പ് സമയബന്ധിതമാക്കി നടപ്പിലാക്കുകയും ചെയ്തു. ട്രഷറി പേയ്മെന്റുകൾക്ക് ഉണ്ടായിരുന്ന ഏതാണ്ട് എല്ലാ നിയന്ത്രണങ്ങളും പിൻവലിച്ചു. നിലവിൽ പദ്ധതി ചെലവുകൾക്കും 5 കോടി രൂപ വരെയുള്ള പദ്ധതിയേതര ചെലവുകൾക്കും സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ട്രഷറി നിക്ഷേപങ്ങളിൽ നിന്ന് 1കോടി രൂപ വരെയുള്ള പിൻവലിക്കലുകൾക്കും യാതൊരു നിയന്ത്രണവുമില്ല. കൺസോളിഡേറ്റഡ് സിങ്കിങ് ഫണ്ടിൽ നിക്ഷേപം ഉറപ്പാക്കിയതു മൂലം സംസ്ഥാനത്തിന്റെ വേയ്സ് ആന്റ് മീൻസ് പരിധി ഉയർന്ന തോതിൽ നിലനിർത്തി. തന്മൂലം നടപ്പു വർഷം കേവലം 15 ദിവസം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് വേണ്ടി വന്നപ്പോൾ കുറഞ്ഞ പലിശ നിരക്കിലുള്ള സ്പെഷ്യൽ വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് മാത്രമേ എടുക്കേണ്ടി വന്നുള്ളു. |
| ബി. | പദ്ധതി പണം ചെലവഴിക്കുന്നതിൽ സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | ഇല്ല. |

| | | |
|---|---|---|
| സി. | പാഴ്ചെലവുകളും അനാവശ്യ ചെലവുകളും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | പുതിയ തസ്തിക സൃഷ്ടിക്കൽ, തസ്തികകളുടെ അപ്ഗ്രഡേഷൻ എന്നിവയ്ക്ക് നിയന്ത്രണം നിലനിൽക്കുന്നുണ്ട്. ഇവയ്ക്ക് ഇളവ് അനുവദിക്കാൻ മന്ത്രിസഭാ തീരുമാനം ആവശ്യമാണ്. ഒരു വർഷത്തിൽ കൂടുതൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നിർത്തലാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടെലിഫോൺ, മൊബൈൽ ഫോൺ, ഇന്ധന ഉപയോഗം എന്നിവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ പരിധി പാലിക്കുന്നതിന് വകുപ്പുതലവന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മന്ത്രിമാരും ഉദ്യോഗസ്ഥരും ഇക്കോണമി ക്ലാസിലേ യാത്ര ചെയ്യാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ഡി. | ചെലവിന്റെ കാര്യക്ഷമത ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഗവൺമെന്റ് ഉത്തരവ് 497/06/ധന. തീയതി 13.12.2006 പ്രകാരം ചെലവുകൾക്കുള്ള പ്രതിമാസ പരിധി സമ്പ്രദായം നിർത്തലാക്കി. പദ്ധതി ചെലവിന്റെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ധനകാര്യ വർഷത്തിന്റെ ആദ്യ പാദത്തിൽ കുറഞ്ഞത് 10 ശതമാനവും രണ്ടാം പാദത്തിൽ കുറഞ്ഞത് 40ശതമാനവും മൂന്നാം പാദത്തിൽ കുറഞ്ഞത് 70 ശതമാനവും വർഷാന്ത്യത്തിൽ പൂർണ്ണമായും ചെലവ് നടത്തിയിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 06.08.2008-ലെ ജി.ഒ.(പി) 351/08/ധന. നമ്പർ ഉത്തരവ് പ്രകാരം മൂന്ന് കോടി രൂപ വരെ അടങ്കലുള്ള പദ്ധതികൾക്ക് ഭരണ വകുപ്പുകൾക്ക് തന്നെ ഭരണാനുമതി നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. മൂന്ന് കോടി രൂപയിൽ കൂടുതൽ അടങ്കൽ വരുന്ന പുതിയ പദ്ധതികൾക്ക് ധനകാര്യ വകുപ്പ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് വഴി ഭരണാനുമതി നൽകുന്നുണ്ട്. എല്ലാ മാസവും ഒന്നിലധികം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേർന്ന് ഇപ്രകാരമുള്ള ഭരണാനുമതി നൽകിവരുന്നുണ്ട്. സർക്കുലർ നം. 12/2010/ധന തീയതി 28.01.2010 പ്രകാരം കേരള ഫിനാൻഷ്യൽ കോഡ് നിഷ്ക്കർഷിക്കുന്ന ധനകാര്യ അച്ചടക്കം പാലിച്ചുകൊണ്ട് പരമാവധി ചെലവ് ചെയ്യാനും സർക്കുലർ നം. 24/2010/ധന തീയതി 04.03.2010 പ്രകാരം വർഷാന്ത്യങ്ങളിൽ ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കാൻ വേണ്ടി മാത്രം ട്രഷറിയിൽ നിന്നും പണം |

| | | |
|---|---|---|
| | | പിൻവലിക്കുന്നത് നിയന്ത്രിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. തന്മൂലം വകുപ്പുകൾ വർഷാന്ത്യത്തിന് മുൻപുതന്നെ തങ്ങൾക്കുള്ള ബജറ്റ് വിഹിതം യഥാർത്ഥ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുകയും അനാസ്ഥമൂലം ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കുകയും ചെയ്യും എന്നാണ് ഉദ്ദേശിക്കുന്നത്. |
| ഇ. | ചെലവു ചുരുക്കലുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്തു പുറപ്പെടുവിച്ച ഉത്തരവിൽ ഈ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ചെലവ് ചുരുക്കലിന്റെ ഭാഗമായി മുൻ സർക്കാർ തടഞ്ഞു വച്ച താൽക്കാലിക ജീവനക്കാരുടെ ഡി.എ.യും മറ്റ് ആനുകൂല്യങ്ങളും ജി.ഒ.(പി)നം.516/2007/ധന. തീയതി 23.10.2007 പ്രകാരം അനുവദിച്ചു ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 334 — 17.03.2010 ൽ മറുപടിയ്ക്ക്.

## ന്യൂനപക്ഷ കമ്മീഷൻ രൂപീകരണം

**ചോദ്യം** — **ഉത്തരം**

ശ്രീ. എം. ഹംസ
" ആനത്തലവട്ടം ആനന്ദൻ
" ബി.ഡി.ദേവസ്സി
" കെ. ടി. ജലീൽ
" കെ. കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. പാലോളി മുഹമ്മദ് കുട്ടി,
(തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; | (എ) | ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഒരു ന്യൂനപക്ഷ കമ്മീഷൻ രൂപീകരിയ്ക്കുന്നതിന് 9/12/09-ലെ മന്ത്രിസഭായോഗം അംഗീകാരം നൽകുകയും അതനുസരിച്ച് 14/12/09-ലെ സർക്കാർ ഉത്തരവ് (കൈ) 271/09/പൊഭവ പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് രൂപീകരിക്കുന്ന ന്യൂനപക്ഷ കമ്മീഷന്റെ ഘടന എന്താണ് ; | (ബി) | ന്യൂനപക്ഷ കമ്മീഷന്റെ ഘടന സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) | കേരളത്തിൽ ന്യൂനപക്ഷ കമ്മീഷൻ എന്നുമുതൽ പ്രവർത്തനം തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ ? | (സി) | എത്രയും പെട്ടെന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതാണ്. |

Seela

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 335

17-3-2010 ൽ
മറുപടിയ്ക്ക്

### കേരള ടൂറിസത്തിന്റെ പ്രചാരണത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ഷാജു:<br>ശ്രീ. കെ.ബി. ഗണേഷ്കുമാർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരള ടൂറിസത്തിന്റെ പ്രചാരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) വിനോദസഞ്ചാര വികസനത്തിനുള്ള പരസ്യ പ്രചരണ പദ്ധതിയുടെ ഭാഗമായി കേരള ടൂറിസം പ്രാദേശിക ദേശീയ അന്തർദേശീയ തലങ്ങളിൽ വിതരണം ചെയ്യുന്ന മാഗസിനുകൾ, ന്യൂസ് പേപ്പറുകൾ എന്നിവയിലും ദേശീയ അന്തർദേശീയ ടി.വി. ചാനലുകൾ, ഇന്റർനെറ്റ് എന്നീ ദൃശ്യമാദ്ധ്യമങ്ങളിലും പരസ്യങ്ങൾ നൽകുന്നു. കൂടാതെ ദേശീയ അന്തർദേശീയ തലത്തിലുള്ള ടൂറിസം ഫെയറുകളിൽ പങ്കെടുക്കുകയും റോഡ് ഷോ/പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുകയും കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള ലഘുലേഖകൾ / ബ്രോഷറുകൾ, സി.ഡി.കൾ തയ്യാറാക്കി വ്യാപകമായ പ്രചാരണങ്ങൾ നൽകി വരുന്നു. കൂടാതെ റേഡിയോ മിർച്ചിയുമായി ചേർന്ന് ഡൽഹി, മുംബൈ, അഹമ്മദാബാദ്, ബാംഗ്ളൂർ എന്നീ മെട്രോ നഗരങ്ങളിലും ദക്ഷിണേന്ത്യയിലെ സഞ്ചാരികളെ ലക്ഷ്യമാക്കി സൂര്യൻ എഫ്.എം. റേഡിയോയിലൂടെ ചെന്നൈ, കോയമ്പത്തൂർ, ഹൈദരാബാദ് എന്നീ നഗരങ്ങളിലും കേരളാ ടൂറിസത്തിന്റെ പ്രചാരണം നടത്തുകയുണ്ടായി. കെ.ടി.ഡി.സി. യും ബഡ്ജറ്റ് പാക്കേജ് ഉൾപ്പെടെയുള്ള വിവിധ ഇനം പാക്കേജുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |

| | |
|---|---|
| ബി) ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ സ്വദേശി-വിദേശി മുതൽമുടക്കുകാർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | ബി) ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ടി.ആർ.കെ.എൽ-നെ "കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ് " എന്ന പേരിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ മേഖലയുമായി കൂട്ടുചേർന്ന് പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാനുള്ള നടപടികൾ ടി.ആർ.കെ.എൽ വഴി ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:336 17-03-2010- ൽ മറുപടിയ്ക്ക്

**അലങ്കാര മത്സ്യങ്ങളുടെ കൃഷിയും കയറ്റുമതിയും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എം.മോനായി :<br>ശ്രീ.ആർ.ശെൽവരാജ്<br>ശ്രീ.അൽഫോൺസ് കണ്ണന്താനം :<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) അലങ്കാര മത്സ്യങ്ങളുടെ കൃഷിയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) അലങ്കാര മത്സ്യ ഉല്പാദനവും വിപണനവും ലക്ഷ്യമിട്ട് ഇന്ത്യയിൽതന്നെ ആദ്യമായി ആരംഭിക്കുന്ന ഒരു സംരംഭമാണ് ആലുവയ്ക്കടുത്ത് കടുങ്ങല്ലൂരിൽ സ്ഥാപിക്കുന്ന അക്വാടെക്നോളജി പാർക്ക്. ഇവിടെ അലങ്കാര മത്സ്യകൃഷി ഉല്പാദനത്തിനും കയറ്റുമതിക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഉണ്ടായിരിക്കും. 10 മുതൽ 12 വരെ ഹബ്ബുകൾ സ്വയംസംരംഭകരായ മത്സ്യകർഷകർക്ക് കയറ്റുമതി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പാട്ടത്തിന് ലഭ്യമാകും. അക്വാ പാർക്കിനോടനുബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് അനുയോജ്യമായ സാറ്റലൈറ്റ് ഫാമുകൾ കർഷകരുടെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതാണ്. സാറ്റലൈറ്റ് ഫാമുകളോടനുബന്ധിച്ച് ആ പ്രദേശങ്ങളിൽ താല്പര്യമുള്ള ആളുകളുടെ ഭവനങ്ങളിൽ അലങ്കാര മത്സ്യകൃഷി ഉല്പാദനത്തിനും വിപണനത്തിനും ഹോംസ്റ്റെഡ് ഫാമുകളും ആരംഭിക്കുന്നതാണ്. സാറ്റലൈറ്റ് ഫാമുകളിലും ഹോംസ്റ്റെഡ് ഫാമുകളിലും ഉല്പാദിപ്പിക്കുന്ന മത്സ്യം അക്വാപാർക്ക് വഴി കയറ്റുമതി ചെയ്യുന്നതാണ്. ടി പാർക്കിന്റെ നടത്തിപ്പിനായി ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും, ബാങ്കുകൾ, കെ.എസ്.ഐ.ഡി.സി, സ്വയംസംരംഭകർ എന്നിവർ ഉൾപ്പെടെ ഒരു സ്വകാര്യ - പൊതു |

| | |
|---|---|
| | മേഖലാ കമ്പനി - കാവിൽ ( കേരള അക്വാ വെഞ്ചേഴ്സ് ഇൻറർനാഷണൽ ലിമിറ്റഡ്) എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി രൂപീകരിച്ച കേരള അക്വാ വെഞ്ചേഴ്സ് ഇൻറർനാഷണൽ കമ്പനി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ ; | (ബി) അലങ്കാര മത്സ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും കയറ്റുമതിയും ലക്ഷ്യമിട്ട് കേരള അക്വാ വെഞ്ചേഴ്സ് ഇൻറർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാനുള്ള തള്ള മത്സ്യങ്ങളെ ഇറക്കുമതി ചെയ്ത് പരപ്പനങ്ങാടിയിലെ ഫാമിലും കടുങ്ങല്ലൂരിലും പരിപാലിച്ചു പോരുന്നു. കാവിലിൻെറ ആഭിമുഖ്യത്തിൽ ഡിസംബർ ആദ്യവാരം പാരീസിലേക്ക് മത്സ്യകുഞ്ഞുങ്ങളെ കയറ്റി അയയ്ക്കുകയുണ്ടായി. |
| (സി) അലങ്കാര മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വനിതകളുടെ സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ? | (സി) സാറ്റലൈറ്റ് ഫാമുകളോടനുബന്ധിച്ച് ആ പ്രദേശങ്ങളിൽ താല്പര്യമുള്ള ആളുകളുടെ ഭവനങ്ങളിൽ അലങ്കാര മത്സ്യകൃഷി ഉല്പാദനത്തിന് ഹോംസ്റ്റെഡ് ഫാമുകളാരംഭിച്ചു. 1 ലക്ഷം രൂപയാണ് ഒരു ഹോംസ്റ്റെഡ് ഫാം ആരംഭിക്കുവാനുള്ള ചെലവ്. കുടുംബശ്രീ അംഗത്വമുള്ളവർക്ക് 50,000/- രൂപയും വ്യക്തികൾക്ക് 25,000/- രൂപയും നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡ് സബ്സിഡി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 337 | 17. 03.2010 ൽ മറുപടിയ്ക്ക്

കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്സ്<br>ശ്രീ. ബാബു പോൾ<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) 2009-10 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം കേന്ദ്ര അനുമതിയ്ക്കായി ഏതെല്ലാം ടൂറിസം പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ആയതിൽ ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; | (ബി) കോവളം സമുദ്ര ഹോട്ടൽ കാമ്പസിൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായമായി 396.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മന്നം ഷുഗർ മില്ലിൽ സ്ഥാപിക്കുന്ന പദ്ധതിക്കും കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾക്ക് അനുമതി നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) മറ്റുള്ള പദ്ധതികൾക്കും അനുമതി ലഭിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2009-10 സാമ്പത്തിക വർഷത്തിൽ 140.91 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സഹായം ലഭിക്കുന്നതിലേക്കായി സമർപ്പിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സർക്യൂട്ട് വികസനം</u>

1. മുസിരിസ് പൈതൃക പദ്ധതി - 72 കോടി
2. പെരുവണ്ണാമൂഴി, കക്കയം, ബാണാസുരസാഗർ സർക്യൂട്ട് - 11.13 കോടി
3. അമ്പലപ്പുഴ ടൂറിസംസർക്യൂട്ട് - 14.45കോടി
4. കഠിനംകുളം ബാക്ക്‌വാട്ടർ സർക്യൂട്ട് രണ്ടാംഘട്ടം - 1.50കോടി

<u>ഡെസ്റ്റിനേഷൻ വികസനം</u>

1. മുഴുപ്പിലങ്ങാട് ബീച്ചിന്റെ വികസനം - 5.45 കോടി
2. കൊച്ചി, മുളവുകാട് പഞ്ചായത്തിൽ ടൂറിസം വികസനം - 5.37 കോടി
3. കേരള കലാമണ്ഡലത്തിന്റെ വികസനം- രണ്ടാംഘട്ടം - 3.70 കോടി
4. തളിക്കുളം സ്നേഹതീരം ബീച്ചിന്റെ വികസനം - 6.15 കോടി
5. അഴിക്കോട്-കൈത്തറി ഗ്രാമത്തിന്റെ ടൂറിസം വികസനം - 2.60 കോടി
6. തിരുവില്വാമല കൈത്തറി ഗ്രാമത്തിന്റെ ടൂറിസം വികസനം - 4.70 കോടി

<u>MICE ഫെസിലിറ്റി</u>

1. കോവളം സമുദ്ര ഹോട്ടൽ കാമ്പസിൽ കൺവെൻഷൻ സെന്റർ - 5.74 കോടി

<u>മാനവശേഷി വികസനം</u>

1. കിറ്റ്സിൽ അധിക സൗകര്യം ഏർപ്പെടുത്തൽ
(ട്രെയിനിംഗ് കോംപ്ലക്സിന്റെ നിർമ്മാണം) - 2.07 കോടി

2. ടൂറിസം രംഗത്തെ സേവന ദാതാക്കൾക്ക്
മാനവശേഷി വികസനത്തിനായുള്ള പദ്ധതി -6.059 കോടി

മേൽപ്പടി പദ്ധതികളിൽ കോവളം സമുദ്രാ ഹോട്ടൽ കാമ്പസിൽ കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനായുള്ള പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.338 17-03-2010- ൽ മറുപടിയ്ക്ക്

**മത്സ്യകേരളം പദ്ധതി**

ചോദ്യം

ശ്രീ. കെ.അച്ചുതൻ :

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വർക്കല കഹാർ :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഒന്നാംഘട്ട മത്സ്യകേരളം പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) മത്സ്യകേരളം പദ്ധതിയുടെ ഒന്നാംഘട്ടം ഓരുജല മത്സ്യ/ചെമ്മീൻ കൃഷിയായിരുന്നു. ഇതിന്റെ ഭാഗമായി 2145.488 ഹെക്ടർ പ്രദേശത്ത് 531.475 ലക്ഷം ചെമ്മീൻ വിത്തും 15 ഹെക്ടർ പ്രദേശത്ത് 72,075 കരിമീൻ കുഞ്ഞുങ്ങളെയും സ്റ്റോക്ക് ചെയ്തു. കൂടാതെ 808 കല്ലുമ്മേക്കായ കൃഷി യൂണിറ്റും ഒരു ഞണ്ടുകൃഷി യൂണിറ്റുമാണ് ഉൾപ്പെട്ടിരുന്നത്. ഇതിൽ 4,608 കർഷകർ ഗുണഭോക്താക്കളായി. ഒന്നാംഘട്ട ഓരുജല മത്സ്യകൃഷിയിൽ 2,200 ടൺ ചെമ്മീനും 2,395 ടൺ കല്ലുമ്മേക്കായയും 8 ടൺ മത്സ്യവും ഒരു ടൺ ഞണ്ടും വിളവെടുത്തു. രണ്ടാംഘട്ട മത്സ്യകൃഷി പുരോഗമിച്ചുവരുന്നു.<br>കൂടാതെ തൃശ്ശൂർ ജില്ലയിൽ 2.75 ഹെക്ടറിൽ 13,825 തിരുത കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. വിളവെടുപ്പിന് സമയമായിട്ടില്ല. |
| (ബി) 2008-2009 - ൽ ആരംഭിച്ച മത്സ്യകേരളം ഒന്നാംഘട്ട പദ്ധതിയിൽ ഉൾനാടൻ മത്സ്യകൃഷിക്കും, ചെമ്മീൻ കൃഷിക്കും എത്ര കർഷകർ രജിസ്റ്റർ ചെയ്തു, ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി)<br>ചെമ്മീൻ കൃഷിക്കായി രജിസ്റ്റർ ചെയ്തത് 1177 കർഷകരാണ്. അതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 5<br>കൊല്ലം - 106<br>ആലപ്പുഴ - 359<br>കോട്ടയം - 23<br>എറണാകുളം - 423<br>തൃശ്ശൂർ - 77<br>മലപ്പുറം - 30<br>കോഴിക്കോട് - 73<br>കണ്ണൂർ - 77<br>കാസർഗോഡ് - 4<br>ഉൾനാടൻ മത്സ്യകൃഷിക്ക് (കരിമീൻ, തിരുത) രജിസ്റ്റർ ചെയ്തത് 13 കർഷകരാണ്<br>കൊല്ലം - 1<br>തൃശ്ശൂർ - 12 |

| | |
|---|---|
| (സി) പ്രസ്തുത സ്കീമിൽ കർഷക ർക്ക് അർഹതയുള്ള സബ്സിഡി ഇതിനകം കൊടുത്തു കഴി ഞ്ഞുവോ ; ഈ കർഷകരിൽ എത്ര പേർക്ക് കാർഷിക സർവ്വ കലാശാലയുടെ ലൈസൻസ് നൽകി ; ലൈസൻസിനുള്ള എത്ര അപേക്ഷകൾ പരിഗണന യിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) ഒന്നാംഘട്ടത്തിൽ ഇൻപുട്ട് സബ്സിഡിയായി എല്ലാ കർഷകർക്കും സൗജന്യമായി ചെമ്മീൻ വിത്ത് വിത രണം ചെയ്തു. കുളം നവീകരണത്തിന് അപേക്ഷിച്ചി ട്ടുള്ള കർഷകരുടെ ഫാം നവീകരിച്ചതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട സബ്സിഡി നൽകിവരു ന്നു.<br>കാർഷിക സർവ്വകലാശാലയിൽനിന്ന് മത്സ്യകർഷക ർക്ക് ലൈസൻസ് നല്കുന്ന രീതി നിലവിലില്ല. |
| (ഡി) മത്സ്യകേരളം ഒന്നാം ഘട്ട പദ്ധതിക്കായി ഇതുവരെ എത്ര രൂപ ചെലവ് വന്നു ; | (ഡി) മത്സ്യകേരളം ഒന്നാംഘട്ട പദ്ധതിക്കായി ഇതുവ രെ 2,74,34,983/- (രൂപ രണ്ടു കോടി എഴുപത്തിനാല് ലക്ഷത്തി മുപ്പത്തിനാലായിരത്തി തൊള്ളായിരത്തി എൺ പത്തി മൂന്ന് മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) രണ്ടാം ഘട്ട മത്സ്യകേരളം പദ്ധതിക്ക് എന്തൊക്കെ സഹാ യമാണ് മത്സ്യകൃഷി ചെയ്യുന്ന കർഷകർക്ക് വാഗ്ദാനം ചെയ്തത് ; ഇത് കർഷകർക്ക് നൽകാൻ നടപടി സ്വീകരി ക്കുമോ ; | (ഇ) രണ്ടാംഘട്ട മത്സ്യകേരളം പദ്ധതിയിൽ കർഷകർക്ക് കുളം പുനരുദ്ധരിക്കുന്നതിനും, മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും തീറ്റയ്ക്കുമാണ് സഹായം നൽകി വരുന്നത്. കൂടാതെ ശുദ്ധജലകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) ഒന്നാം ഘട്ട മത്സ്യകേ രളം പദ്ധതിയിൽ കൃഷിയിറ ക്കിയ മത്സ്യകർഷകർക്ക് ബണ്ട് ബലപ്പെടുത്തൽ, നിലം വൃത്തി യാക്കൽ, ഷെഡ് തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന ത്തിന് നൽകേണ്ട ആനുകൂല്യം എത്ര പേർക്ക് നൽകാനുണ്ട് ; | (എഫ്) വിവിധ ജില്ലകളിലായി 96 പേർക്ക് ഇനി ആനു കൂല്യം നൽകാനുണ്ട്. |
| (ജി) കൊല്ലം ജില്ലയിലെ മൺട്രോതുരുത്ത് ഗ്രാമപഞ്ചായ ത്തിലെ ചെമ്മീൻ കർഷകർക്ക് 2009 വർഷത്തെ സബ്സിഡി ഇതിനകം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ? | (ജി)2008 വർഷം കൊല്ലം ജില്ലയിൽ മൺട്രോതുരുത്തിൽ 8 കർഷകർക്കായി 1,44,800/- രൂപ (രൂപ ഒരു ലക്ഷത്തി നാൽപ്പത്തിനാലായിരത്തി എണ്ണൂറ് മാത്രം) സബ്സിഡി നൽകിയിട്ടുണ്ട്. കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റി യുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റുള്ളവർക്ക് സബ്സിഡി നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: T 339 — 17.03.2010 ൽ മറുപടിയ്ക്ക്

## ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടുകൾക്ക് അപേക്ഷിച്ചിട്ടുള്ളവർക്ക് വീട് വയ്ക്കാൻ വായ്പ നൽകുക മാത്രമാണോ ചെയ്യുന്നത് ;<br><br>(ബി) വായ്പ നൽകുന്നതിനുള്ള തുക എപ്രകാരമാണ് കണ്ടെത്തുന്നത്;<br><br>(സി) വായ്പ നൽകുന്നതിന് ആകെ എത്ര തുകയാണ് ആവശ്യമായി വരുന്നത്;<br><br>(ഡി) അപേക്ഷകർക്ക് മറ്റെന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (എ, ബി, സി & ഡി) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടുകൾക്ക് അപേക്ഷിച്ചിട്ടുള്ളവർക്ക് വീട് വയ്ക്കാൻ താഴെപറയുന്ന നിരക്കിൽ ആണ് സഹായം നൽകുന്നത്.<br>പൊതു വിഭാഗം - 75,000/- രൂപ<br>പട്ടികജാതി - 1,00,000/- രൂപ<br>പട്ടികവർഗ്ഗം - 1,25,000/- രൂപ<br>ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള<br>പൊതുവിഭാഗം - 1,00,000/-രൂപ<br>ആശ്രയ കുടുംബങ്ങൾ - 1,25,000/രൂപ<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2009-10, 10-11 വർഷങ്ങളിൽ മിച്ചമുള്ള തനത്/ജനറൽ പർപ്പസ് ഫണ്ടിന് ഉപരിയായി ആവശ്യമായ തുക വായ്പയായി കണ്ടെത്തുന്നു. 2009-10-ൽ അനുവദനീയമായ ആകെ വികസന ഫണ്ടിന്റെ 15% തുല്യമായ തുകയുടെ 10 മടങ്ങ് വായ്പയായി എടുക്കാവുന്നതാണ്. വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. തദ്ദേശ സ്ഥാപന തലത്തിൽ സാങ്കേതിക പിന്തുണാ സംവിധാനവും മണൽ ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പുകയില്ലാത്ത അടുപ്പ്, കക്കൂസ് എന്നിവ അധികമായി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 340

17.3.2010-ൽ മറുപടി നൽകേണ്ടത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ<br>ശ്രീമതി. അയിഷാ പോറ്റി<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. പി.ജയരാജൻ<br>ശ്രീ. പി.ടി.എ.റഹീം | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ് എന്നിവയുടെ കീഴിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസുകളിൽ ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നഗരകാര്യവകുപ്പിന്റെയും പഞ്ചായത്ത് വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള ഓഫീസുകളിൽ അക്കൗണ്ടിംഗ് സംവിധാനം മെച്ചപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവത്കരണം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് കില, SIRD എന്നിവിടങ്ങളിൽ പരിശീലനം നൽകിവരുന്നു. നഗരസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എല്ലാ മാസവും മുൻസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരുടെ അവലോകന യോഗം നടത്തിവരുന്നുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിനടത്തിപ്പിനായി തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ച് 1.1.2008 മുതൽ പ്രവർത്തനം നടത്തിവരുന്നു. പഞ്ചായത്തു കളുടെ ധനവിനിയോഗം കുറ്റമറ്റതാക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | പഞ്ചായത്ത് വകുപ്പിൽ ഒരു അഡീഷണൽ ഡയറക്ടർ തസ്തിക, 21 ഹെഡ്ക്ലാർക്ക് തസ്തിക, 190 എൽ.ഡി. ക്ലാർക്ക് തസ്തിക 999 അക്കൗണ്ടന്റ് തസ്തിക, നഗരകാര്യ വകുപ്പിൽ 120 വിവിധ തസ്തികകൾ എന്നിവ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | എല്ലാ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാരെ നിയമിച്ചിട്ടുണ്ടോ; | (സി) | 997 പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് മാരെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | ജില്ലാപഞ്ചായത്ത് സെക്രട്ടറിമാരെനിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (ഡി) | ഗവ. സെക്രട്ടറിയറ്റിലോ, മറ്റു വികസന വകുപ്പുകളിലോ 16650-23200 ശമ്പള സ്കെയിലിൽ ജോലി ചെയ്തുവരുന്ന ബിരുദധാരികളായ ഉദ്യോഗസ്ഥരെയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജില്ലാ പഞ്ചായത്തു സെക്രട്ടറിമാരായി ഇന്റർവ്യൂ നടത്തി നിയമിച്ചുവരുന്നത്. |
| (ഇ) | പഞ്ചായത്തുകളുടെ പ്രവർത്തനശൈലിയുമായി ബന്ധമില്ലാത്തവരെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിക്കുന്നത് ഒഴിവാക്കുമോ; | (ഇ) | സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള പാനൽ ഇന്റർവ്യൂ നടത്തി യോഗ്യതയുള്ളവരെയാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിക്കുന്നത്. |
| (എഫ്) | പഞ്ചായത്തുകളുടെ ജോലിഭാരവും ഉത്തരവാദിത്വവും വളരെയധികം വർദ്ധിച്ചത് കണക്കിലെടുത്ത് പഞ്ചായത്തിലെ സ്റ്റാഫ് പാറ്റേണിൽ വ്യത്യാസം വരുത്താൻ ഉദ്ദേശ്യമുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | (എഫ്) | പഞ്ചായത്തുകളുടെ ജോലിഭാരം കണക്കിലെടുത്ത് അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ് -

അധികാരവികേന്ദ്രീകരണ പ്രക്രിയയിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ജോലി ഭാരം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പല നടപടികളും സർക്കാർ സ്വീകരിക്കുകയുണ്ടായി. ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഗ്രാമ പഞ്ചായത്തു ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അക്കൗണ്ടിംഗ് സംവിധാനം നടപ്പാക്കി വരുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ വത്ക്കരണവും നടപ്പാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചിട്ടുണ്ട്.

വിവിധ സർക്കാർ വകുപ്പുകളുടെ വിരമിക്കുന്നവരുടെ എണ്ണം കണക്കാക്കി പ്രസ്തുത തസ്തികകളിലേയ്ക്കുള്ള പ്രവേശന തസ്തികകളിൽ സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമനം ലഭിച്ച 124 പേർക്ക് "കില" യിൽ പരിശീലനം നൽകി വിവിധ ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് താല്ക്കാലികമായി വിട്ട് നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

**പഞ്ചായത്ത് വകുപ്പ്**

1) ഹെഡ്ക്ലാർക്ക് തസ്തിക - 21 ( സ.ഉ (Ms) നം. 83/08/തസ്വഭ, തീയതി 15.3.2008 പ്രകാരം)
2) അക്കൗണ്ടന്റ് - 999 (ജി.ഒ. (Ms) 118/09/ എൽ.എസ്.ജി.ഡി. തീയതി, 26.6.2009 പ്രകാരം)
3) എൽ.ഡി. ക്ലാർക്ക് - 190 ( സ.ഉ (Ms) നം. 29/09/എൽ.എസ്.ജി.ഡി. തീയതി, 13.2.2009 പ്രകാരം )

നഗരകാര്യ വകുപ്പിന്റെ കീഴിൽ 120 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ജില്ലാ പഞ്ചായത്ത് സെക്രട്ടറി**

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തി വരുന്നത്. സംസ്ഥാന സെക്രട്ടറിയേറ്റിലും മറ്റു വികസന വകുപ്പുകളിലും 16660-23200 ശമ്പള സ്കെയിലിൽ ജോലി ചെയ്തു വരുന്ന ബിരുദ ധാരികളായ ഉദ്യോഗസ്ഥരെ ചീഫ് സെക്രട്ടറി ചെയർമാനും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു പാനൽ ഇന്റർവ്യൂ നടത്തി യോഗ്യതയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചുവരുന്നത്.

—— ——

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 341

17-03-2010 ൽ മറുപടിക്ക്

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>,, കെ.കെ. ജയചന്ദ്രൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, കെ.സി. കുഞ്ഞിരാമൻ<br>,, ജോർജ്ജ് എം. തോമസ്. | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വിലകുറച്ചു കാണിച്ച് പ്രമാണം രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടി കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പരിഹരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി വിജയകരമാണോ എന്ന് വ്യക്തമാക്കുമോ; | (എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 100 കോടി രൂപ പിരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ടി പദ്ധതി പ്രകാരം 05-03-2010 തീയ്യതി വരെ 2,20,261 കേസുകൾ തീർപ്പാക്കിയതിൽ നിന്ന് 51,61,63,343/- രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട് ഇതുവരെ തീർപ്പായ ആകെ കേസുകളുടെ എണ്ണം 4,48,899 ആണ്. അതായത് ജില്ല രജിസ്ട്രാർമാർ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ആകെ കേസുകളുടെ 25 ശതമാനം കേസുകൾ തീർപ്പായിട്ടുണ്ട്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയും കേസുകൾ തീർപ്പാക്കാനും 51 കോടിയിലധികം തുക പിരിച്ചെടുക്കാനും കഴിഞ്ഞതിനാൽ ഒറ്റത്തവണ തീർപ്പാക്കൽപദ്ധതി വിജയകരമാണെന്നാണ് സർക്കാർ വിലയിരുത്തുന്നത്. ജനങ്ങൾ വളരെ താൽപ്പര്യപൂർവ്വമാണ് പദ്ധതിയുമായി സഹകരിക്കുന്നത്. |
| (ബി) ഭൂമിയുടെ ന്യായവില പ്രഖ്യാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇപ്പോൾ വസ്തുവിന്റെ വില നിർണ്ണയിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; | (ബി) കേരളാസ്റ്റാമ്പ് ആക്ട് 45 ബി വകുപ്പുപ്രകാരമുള്ള അണ്ടർ വാല്യൂവേഷൻ നടപടികളിൽ വസ്തുവിന്റെ വില നിർണ്ണയിക്കുന്നതിനായി കേരളാ സ്റ്റാമ്പ് (പ്രിവൻഷൻ ഓഫ് അണ്ടർ |

| | |
|---|---|
| | വാല്യുവേഷൻ ഓഫ് ഇൻസ്ട്രമെന്റ്സ്) റൂൾസിലെ ചട്ടം 5 പ്രകാരമുള്ള തത്വങ്ങളെയാണ് ആധാരമാക്കുന്നത്. ഭൂമിയുടെ തരം, സമീപത്തുള്ള സ്ഥലങ്ങളുടെ വിലനിലവാരം, വസ്തുവിലുള്ള ആദായങ്ങൾ, റോഡുമായുള്ള സാമീപ്യം തുടങ്ങിയ വസ്തുതകളാണ് ഇപ്രകാരം കണക്കിലെടുക്കുന്നത്. |
| (സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് എന്നുവരെ പ്രാബല്യമുണ്ടാകും എന്ന് വെളിപ്പെടുത്തുമോ? | (സി) ബഹു. ധന മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ ടി പദ്ധതിയുടെ ആനുകൂല്യം 2010-2011 വർഷത്തേക്കു കൂടി നീട്ടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 342

17.03.2010-ൽ മറുപടിയ്ക്ക്

## മുസിരിസ് സാംസ്കാരിക പൈതൃക സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ. എം .പ്രകാശൻ മാസ്റ്റർ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) മുസിരിസ് സാംസ്കാരിക പൈതൃക സംരക്ഷണ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) ബി.സി. ഒന്നാം നൂറ്റാണ്ടിലെ സജീവ തുറമുഖമായിരുന്ന മുസിരിസ് ഒരു കാലത്ത് രാജ്യാന്തര വ്യാപ്തിയുള്ള ബന്ധങ്ങൾ പുലർത്തിയിരുന്ന വാണിജ്യത്തിന്റേയും വ്യാപാരത്തിന്റേയും കേന്ദ്രമായിരുന്നു. കൊടുങ്ങല്ലൂർ ചേന്ദമംഗലം, ഗോതുരുത്ത്, പറവൂർ, പള്ളിപ്പുറം, അഴീക്കോട് എന്നീ പ്രദേശങ്ങളിൽ മുസിരിസ് കാലഘട്ടത്തിന്റേതായി ഇന്നും നിലനിൽക്കുന്ന ചരിത്രാവശിഷ്ടങ്ങളെ പരസ്പരം ബന്ധിപ്പിച്ച് പരിപാലിച്ച് അതുവഴി ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യുന്ന ടൂറിസം സർക്യൂട്ട് നടപ്പിലാക്കുക എന്നതാണ് മുസിരിസ് സാംസ്കാരിക പൈതൃക സംരക്ഷണ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ഇതിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള സ.ഉ(എം.എസ്)നമ്പർ225/09/ടൂറിസം തീയതി 3.10.2009 ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഏതെല്ലാം പൈതൃക കേന്ദ്രങ്ങളും സാംസ്കാരിക സ്ഥാപനങ്ങളുമാണ് സംരക്ഷിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | ബി) മുസിരിസ് സാംസ്കാരിക പൈതൃക പദ്ധതി നടപ്പാക്കുന്ന സ്ഥലങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br><br>1.കോട്ടപ്പുറം കോട്ട<br>2. പറവൂർ ജൂതപ്പള്ളി<br>3. പാലിയം ഡച്ച് കൊട്ടാരം<br>4. പാലിയം നാലുകെട്ട്<br>5. പള്ളിപ്പുറം കോട്ട<br>6. വൈപ്പിൻകോട്ട സെമിനാരി<br>7. അബ്ദുൾ റഹ്മാൻ സാഹിബിന്റെ വീട്<br>8. കോട്ടയിൽ കോവിലകം<br>9. കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, തെരഞ്ഞെടുക്കപ്പെട്ട കോവിലക ങ്ങൾ<br>10. ചേരമാൻ ജുമാ മസ്ജിദ് |

11. ചേരമാൻ പറമ്പ്
12. ചേന്ദമംഗലം ജൂതപ്പള്ളി
13.തിരുവഞ്ചിക്കുളം മഹാദേവക്ഷേത്രം
14. കീഴ്ത്തളി ശിവക്ഷേത്രം
15. പട്ടണത്തും കോട്ടപ്പുറത്തുമുള്ള ഉൽഖനന കേന്ദ്രങ്ങൾ
16.സെന്റ് തോമസ് കോട്ടക്കടവ് ഫെറോന പള്ളി, നോർത്ത് പറവൂർ
17. സെന്റ് തോമസ് സിറിയിൻ യാക്കോബൈറ്റ്സ് ചർച്ച്, നോർത്ത് പറവൂർ
18. മൂകാംബിക ക്ഷേത്രം, നോർത്ത് പറവൂർ.
19. കേസരി ബാലകൃഷ്ണപിള്ള യുടെ വസതി, നോർത്ത് പറവൂർ
20. പി.കേശവദേവിന്റെ വസതി, നോർത്ത് പറവൂർ
21. സഹോദരൻ അയ്യപ്പന്റെ ഭവനം, ചെറായി, പള്ളിപ്പുറം പഞ്ചായത്ത്.
22. പറവൂർ തമ്പുരാന്റെ വസതി, നോർത്ത് പറവൂർ
23. തൃക്കണ്ണാ മതിലകം
24. ഇലവഞ്ചിക്കുളം
25. ബംഗ്ലാവ് കടവ്
26. പി.എ.സെയ് ദ് മുഹമ്മദ് സ്മാരകം
27. പതിനെട്ടരയാളം എടവിലങ്ങ്
28.അഴീക്കോട് മാർത്തോമാ പള്ളി
29. കോട്ടപ്പുറം ചന്ത

മേല്പറഞ്ഞവ കൂടാതെ, കണ്ടെത്തപ്പെടുന്ന സമാനങ്ങളായ പ്രദേശങ്ങൾ ആവശ്യമായ അന്വേഷണത്തിനും ചർച്ചയ്ക്കും ശേഷം പിന്നീട് ഉൾപ്പെടുത്താവുന്നതാണ്. പദ്ധതിക്ക് അനുപേക്ഷണീയമെന്ന് കണ്ടെത്തുന്ന പൈതൃക സ്ഥലങ്ങളിൽ ഖനനം ചെയ്യുകയും പദ്ധതിപ്രദേശങ്ങളിലുള്ള ചരിത്രസ്മാരകങ്ങൾ പുന:സൃഷ്ടിക്കുകയും പ്രാചീന കലകളെ പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമുള്ള മ്യൂസിയം സ്ഥാപിക്കുകയും ചെയ്യും.

| | | |
|---|---|---|
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചരിത്ര മ്യൂസിയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) ഉണ്ട്. പാലിയം നാലുകെട്ട് & പാലിയം സബ് പാലസ് മ്യൂസിയം, കേസരി ബാലകൃഷ്ണ പിള്ള മ്യൂസിയം & കേശവദേവ് മ്യൂസിയം, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോംപ്ലക്സ്, സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കറുപ്പൻ മ്യൂസിയം & അബ്ദുൽ റഹ്മാൻ മ്യൂസിയം, കോട്ടപ്പുറം കോട്ട ശേഷിപ്പ് & കോട്ടപ്പുറം പുരാവസ്തു മ്യൂസിയം, പട്ടണം ആർക്കിയോളജിക്കൽ സൈറ്റ് മ്യൂസിയം, ജൂത മ്യൂസിയം(ചേന്ദമംഗലം പരവൂർ ജ്യൂയിഷ് |

| | | | |
|---|---|---|---|
| | | | ഹൗസുകൾ), കുഞ്ഞിക്കുട്ടി തമ്പുരാട്ടി മ്യൂസിയം, മാരിടൈം മ്യൂസിയം. |
| (ഡി) | ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; | ഡി) | ടൂറിസം, പുരാവസ്തു, നഗരകാര്യം ജലസേചനം, ഉന്നത വിദ്യാഭ്യാസം, പൊതുമരാമത്ത് , തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടേയും ഇൻഫർമേഷൻ കേരളാമിഷൻ , എറണാകുളം തൃശ്ശൂർ ജില്ലാ ഭരണകൂടം മുതലായവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഇ) | പദ്ധതിക്ക് മൊത്തം എത്ര ചെലവ് പ്രതീക്ഷിക്കുന്നു; കേന്ദ്ര-സഹായമായി എത്ര കോടി രൂപ ലഭിക്കുമെന്ന് അറിയിക്കുമോ; | ഇ) | 182 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര സഹായമായി 72 കോടി രൂപ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| എഫ്) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ? | എഫ്) | മൂന്നു വർഷത്തിനകം പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (ഉത്തരവിന്റെ പകർപ്പ് ജില്ലയിലെ ബന്ധപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും അയച്ചു കൊടുക്കേണ്ടതാണ്.)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉത്തരവിന്റെ പകർപ്പ് ജില്ലയിലെ ബന്ധപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും അയച്ചു കൊടുക്കേണ്ടതാണ്.)

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്.

ചെയർമാൻ, എറണാകുളം നഗരസഭ.

ചെയർമാൻ, തൃശ്ശൂർ നഗരസഭ.

നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

സംഗ്രഹം

ടൂറിസം വകുപ്പ്—മുസിരിസ് സാംസ്കാരിക പൈതൃക സംരക്ഷണ പദ്ധതി—നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ—അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

ടൂറിസം (സി) വകുപ്പ്

ജി. ഒ. (എംഎസ്.) നമ്പർ 225/09/ടൂറിസം. *തിരുവനന്തപുരം, 2009 ഒക്ടോബർ 3.*

പരാമർശം—1. 2009-10 വർഷത്തെ ബഡ്ജറ്റ് പ്രസംഗം.

2. 31-7-2009-ലെ ടൂറിസം ഡയറക്ടറുടെ സി4/6868/07 നമ്പർ കത്തും പദ്ധതി നിർദ്ദേശവും.

## ഉത്തരവ്

കൊടുങ്ങല്ലൂർ, ചേന്ദമംഗലം, ഗോതുരുത്ത്, പറവൂർ, പള്ളിപ്പുറം, അഴീക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ ചരിത്രസ്മാരകങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതനവും ഭാവനാപൂർണ്ണവുമായ ടൂറിസം പദ്ധതിയാണ് മുസിരിസ് പൈതൃക പ്രോജക്ട്. ഒരു വിദഗ്ദ്ധ ടീം തയ്യാറാക്കിയ 90 കോടി രൂപയുടെ പ്രോജക്ട് കേരളത്തിന്റെ മെഗാ പ്രോജക്ട് ആയി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള റോഡുകൾ, ജെട്ടികൾ, കനാൽ നവീകരണം എന്നിവയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 2009-2010 ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 40 കോടിയിൽപ്പരം രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്.

തൃശ്ശൂർ എറണാകുളം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന മുസിരിസ് കേരളത്തിലെ ഏറ്റവും പ്രാചീനമായ പൈതൃക സ്ഥലമാണ്. ചരിത്രപരമായും പുരാവസ്തുപരമായും പഴയ സംസ്കാരത്തിന്റെ ശേഷിപ്പുകൾ മുസിരിസ് എന്ന പ്രാചീന നഗരിയുടെ അവശിഷ്ടങ്ങളായി വിവിധ സ്ഥലങ്ങളിൽ ഇപ്പോഴും ഈ പ്രദേശത്ത് ദൃശ്യമാണ്. മുസിരിസ് പ്രദേശത്തെ എല്ലാ പ്രധാനപ്പെട്ട ചരിത്ര സ്മാരകങ്ങളെയും പൈതൃക ശേഷിപ്പുകളെയും ഉൾപ്പെടുത്തി ഒരു ബൃഹദ് പദ്ധതി തയ്യാറാക്കുന്നതിനായി

വിശദമായി പഠനം നടത്താൻ കിറ്റ്കോ എന്ന സ്ഥാപനത്തെ സംസ്ഥാന ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും പൈതൃക സംരക്ഷണ മേഖലയിൽ പ്രഗത്ഭനായ ശ്രീ. ബെന്നി കുര്യാക്കോസിന്റെ നേതൃത്വത്തിൽ നടത്തിയ പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ മുസിരിസ് പൈതൃക പദ്ധതിക്കായി ഒരു സംരക്ഷണ വികസന പ്ലാൻ ജനുവരി 2008-ൽ രൂപം നൽകുകയുമുണ്ടായി. ഇതു കൂടാതെ ജൂൺ 27-28 തീയതികളിൽ കൊടുങ്ങല്ലൂരിൽ ഒരു സെമിനാർ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായും പൊതുജനങ്ങളുമായും അഭ്യുദയകാംക്ഷികളുമായും പദ്ധതി രൂപരേഖ സംബന്ധിച്ച് ചർച്ച ചെയ്യുകയും സെമിനാറിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കൺസർവേഷൻ ഡവലപ്മെന്റ് പ്ലാൻ അംഗീകരിച്ചതായും അതിനോടൊപ്പം പദ്ധതി നടത്തിപ്പിനായുള്ള നിർദ്ദേശങ്ങളും പരാമർശം 2-ലെ കത്തിലൂടെ ടൂറിസം ഡയറക്ടർ സർക്കാരിന് സമർപ്പിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും മുസിരിസ് സാംസ്കാരിക പൈതൃക സംരക്ഷണ പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളായി എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ എന്നീ നഗരസഭകളും എറണാകുളം ജില്ലയിലെ ചേന്ദമംഗലം, ചിറ്റാറ്റുകര, വടക്കേക്കര, പള്ളിപ്പുറം എന്നീ ഗ്രാമപ്പഞ്ചായത്തുകളും, തൃശ്ശൂർ ജില്ലയിലെ മതിലകം, എസ്.എൻ. പുരം, എറിയാട്, മേത്തല എന്നീ ഗ്രാമ പഞ്ചായത്തുകളും, ഉൾപ്പെടുന്ന പ്രദേശങ്ങളും താഴെപ്പറയുന്ന പൈതൃക സ്ഥലങ്ങളും അംഗീകരിച്ച് ഉത്തരവാകുന്നു.

**മുസിരിസ് സാംസ്കാരിക പൈതൃക പദ്ധതി നടപ്പാക്കുന്ന സ്ഥലങ്ങൾ**

1. കോട്ടപ്പുറം കോട്ട
2. പറവൂർ ജൂതപ്പള്ളി
3. പാലിയം ഡച്ച് കൊട്ടാരം
4. പാലിയം നാലുകെട്ട്
5. പള്ളിപ്പുറം കോട്ട
6. വൈപ്പിൻകോട്ട സെമിനാരി
7. അബ്ദുൽ റഹ്മാൻ സാഹിബിന്റെ വീട്
8. കോട്ടയിൽ കോവിലകം
9. കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം; തെരഞ്ഞെടുക്കപ്പെട്ട കോവിലകങ്ങൾ
10. ചേരമാൻ ജുമാ മസ്ജിദ്
11. ചേരമാൻ പറമ്പ്
12. ചേന്ദമംഗലം ജൂതപ്പള്ളി
13. തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം



**സ്പെഷ്യൽ ഇംപ്ലിമെന്റേഷൻ ടീം**

എല്ലാ വകുപ്പുകളിൽ നിന്നും യഥാസമയം ഭരണാനുമതി ലഭ്യമാക്കാനും, നിർമ്മാണ പ്രവർത്തനങ്ങൾ സമയക്രമമനുസരിച്ച് മുന്നോട്ടുപോകുന്നു എന്ന് ഉറപ്പുവരുത്താനും എക്സിക്യൂട്ടീവ് എൻജിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ കേഡറിലുള്ള ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിലുള്ളതും ടൂറിസം ഡയറക്ടർ അദ്ധ്യക്ഷനായും, ബന്ധപ്പെട്ട വകുപ്പുകളുടെയും മുസിരിസ് പദ്ധതി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഓരോ പ്രതിനിധിയെ ഉൾക്കൊള്ളിച്ചുള്ളതുമായ ഒരു സ്പെഷ്യൽ ഇംപ്ലിമെന്റേഷൻ ടീം രൂപീകരിക്കുവാനുള്ള അംഗീകാരം നൽകുന്നു. സ്പെഷ്യൽ ഇംപ്ലിമെന്റേഷൻ ടീമിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എക്സിക്യൂട്ടീവ് എൻജിനീയറുടെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെയോ തലത്തിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസർ തസ്തിക രണ്ട് കൊല്ലത്തേക്ക് സൃഷ്ടിക്കുന്നതിനും അംഗീകാരം നൽകുന്നു.

**പദ്ധതി അവലോകന കമ്മിറ്റി**

മുസിരിസ് പൈതൃക പദ്ധതിയുടെ പ്രാദേശിക തലത്തിലുള്ള ഏകോപനത്തിനും പദ്ധതി നിർവ്വഹണത്തിനുമായി വിനോദസഞ്ചാര വകുപ്പുമന്ത്രി അദ്ധ്യക്ഷനായും ടൂറിസം ഡയറക്ടർ കൺവീനറുമായും ഒരു പദ്ധതി അവലോകന കമ്മിറ്റി രൂപീകരിക്കുന്നതിന് അംഗീകാരം നൽകുന്നു. പ്രസ്തുത കമ്മിറ്റിയിൽ മുസിരിസ് പൈതൃക പ്രദേശത്തെ പ്രതിനിധീകരിക്കുന്ന മന്ത്രിമാർ, ധനകാര്യ വകുപ്പുമന്ത്രി, പദ്ധതി പ്രദേശത്തെ എം.എൽ.എ.മാർ, എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ നഗരസഭകളുടെ ചെയർമാൻമാർ എന്നിവർ അംഗങ്ങളായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. വേണു, വി.,

*സെക്രട്ടറി.*

ഡയറക്ടർ, ടൂറിസം വകുപ്പ്.
ജില്ലാ കളക്ടർ, എറണാകുളം.
ജില്ലാ കളക്ടർ, തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കൊളീജിയറ്റ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കെ.സി.എച്ച്.ആർ, തിരുവനന്തപുരം.
ഡയറക്ടർ, ആർക്കിയോളജി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

മാറ്റാൻ ഉതകുന്ന രീതിയിൽ സെമിനാറുകളും പഠന ക്ലാസുകളും സംഘടിപ്പിക്കേണ്ടതും, പ്രാദേശിക തലത്തിൽ ടൂർ ഗൈഡുകളായി പ്രവർത്തിക്കുവാൻ താൽപ്പര്യമുള്ള വ്യക്തികളെ കണ്ടെത്തുന്നതിനുമുള്ള ചുമതലയും റിസോഴ്സ് ടീമിനായിരിക്കും. ഈ റിസോഴ്സ് ടീമിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ഇതിന്റെ പ്രവർത്തന രൂപരേഖ തയ്യാറാക്കി മേൽനോട്ടം വഹിക്കാനും ഡോ. എസ് സ്വാമിനാഥൻ, റിട്ട. പ്രൊഫസർ, ഐ.ഐ.റ്റി. ഡൽഹിയെ ചുമതലപ്പെടുത്തുന്നു. ഇതിനാവശ്യമായ തുക ടൂറിസം വകുപ്പ് ലഭ്യമാക്കുന്നതാണ്.

**നിയന്ത്രണങ്ങൾ**

ഈ പ്രദേശത്തെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുന്ന റിസോഴ്സ് മാപ്പുകൾ ഇൻഫർമേഷൻ കേരളാമിഷൻ തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ നഗരാസൂത്രണ വകുപ്പ് ഒരു നിയന്ത്രണ ചട്ടക്കൂട് പ്രത്യേകമായി രൂപം കൊടുക്കുകയും ചെയ്യേണ്ടതാണ്.

## മേൽനോട്ടവും നടപ്പിലാക്കലും

**കോ-ഓർഡിനേഷൻ കമ്മിറ്റി**

മുസിരിസ് പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനും വിലയിരുത്തലിനുമായി സംസ്ഥാന ആഭ്യന്തര ടൂറിസം വകുപ്പുമന്ത്രി അദ്ധ്യക്ഷനായും ടൂറിസം സെക്രട്ടറി കൺവീനറുമായുള്ള ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് അംഗീകാരം നൽകുന്നു. പ്രസ്തുത കമ്മിറ്റിയിൽ ധനകാര്യം, റവന്യൂ, ഫിഷറീസ്, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ജലവിഭവം എന്നീ വകുപ്പു മന്ത്രിമാരും ധനകാര്യം, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരും അംഗങ്ങളായിരിക്കും.

നയപരമായ കാര്യങ്ങളിലൊഴികെ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് വികേന്ദ്രീകൃത ആസൂത്രണ നിർവ്വഹണത്തിനായി നേരത്തേ രൂപീകരിച്ചിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അതേ അധികാരവും പദവിയും ഉണ്ടായിരിക്കുന്നതാണ്.

**മോണിറ്ററിംഗ് ഗ്രൂപ്പ്**

നിർമ്മാണ പ്രവർത്തനങ്ങൾ സമയക്രമമനുസരിച്ച് മുന്നോട്ടുപോകുന്നു എന്ന് ഉറപ്പു വരുത്തുവാനും പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി ടൂറിസം സെക്രട്ടറി അദ്ധ്യക്ഷനായും, ടൂറിസം ഡയറക്ടർ കൺവീനറായും, ധനകാര്യ (ധനവിനിയോഗം) സെക്രട്ടറി, കൊളീജിയറ്റ് വിദ്യാഭ്യാസം, പുരാവസ്തു, കേരള ചരിത്ര ഗവേഷണ കൗൺസിൽ എന്നിവയുടെ ഡയറക്ടർമാർ, ജലസേചനം, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർമാർ, ചീഫ് ടൗൺ പ്ലാനർ, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ ജില്ലാ കളക്ടർമാർ, കൺസർവേഷൻ കൺസൾട്ടന്റ് തുടങ്ങിയവർ അംഗങ്ങളായുള്ള ഒരു മോണിറ്ററിംഗ് ഗ്രൂപ്പ് രൂപീകരിക്കുവാൻ അനുമതി നൽകുന്നു. മോണിറ്ററിംഗ് ഗ്രൂപ്പ് മാസത്തിൽ ഒരു പ്രാവശ്യം ചേരേണ്ടതും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് യഥാസമയം നൽകേണ്ടതും പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന മോണിറ്ററിംഗ് ഗ്രൂപ്പിൽ പരിഹാരമാകാത്ത പ്രശ്നങ്ങൾ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.



14. കീഴ്ത്താലി ശിവക്ഷേത്രം
15. പട്ടണത്തും കോട്ടപ്പുറത്തുമുള്ള ഉത്ഖനന കേന്ദ്രങ്ങൾ
16. സെന്റ് തോമസ് കോട്ടക്കാവ് ഫൊറോന പള്ളി, നോർത്ത് പറവൂർ
17. സെന്റ് തോമസ് സിറിയൻ യാക്കോബൈറ്റ്സ് ചർച്ച്, നോർത്ത് പറവൂർ
18. മൂകാംബിക ക്ഷേത്രം, നോർത്ത് പറവൂർ
19. കേസരി ബാലകൃഷ്ണപിള്ളയുടെ വസതി, നോർത്ത് പറവൂർ
20. പി. കേശവദേവിന്റെ വസതി, നോർത്ത് പറവൂർ
21. സഹോദരൻ അയ്യപ്പന്റെ ഭവനം, ചെറായി, പള്ളിപ്പുറം പഞ്ചായത്ത്
22. പറവൂർ തമ്പുരാന്റെ വസതി, നോർത്ത് പറവൂർ
23. തൃക്കണ്ണാ മതിലകം
24. ഇലവങ്ങിക്കുളം
25. ബംഗ്ലാവ് കടവ്
26. പി. എ. സെയ്ദ് മുഹമ്മദ് സ്മാരകം
27. പതിനെട്ടരയാളം എടവിലങ്ങ്
28. അഴീക്കോട് മാർത്തോമാ പള്ളി
29. കോട്ടപ്പുറം ചന്ത
30. കണ്ടെത്തപ്പെടുന്ന സമാനങ്ങളായ പ്രദേശങ്ങൾ ആവശ്യമായ അന്വേഷണത്തിനും പരിശ്രമിക്കുംശേഷം പിന്നീട് ഉൾപ്പെടുത്തുന്നതായിരിക്കും.

ഇതു കൂടാതെ പദ്ധതിക്ക് അനുപേക്ഷണീയമെന്ന് കണ്ടെത്തുന്ന പൈതൃക സ്ഥലങ്ങളിൽ ഖനനം ചെയ്യുകയും പദ്ധതിപ്രദേശങ്ങളിലുള്ള ചരിത്രസ്മാരകങ്ങൾ പുനഃസൃഷ്ടിക്കുകയും പ്രാചീന കലകളെ പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമുള്ള മ്യൂസിയം സ്ഥാപിക്കുകയും ചെയ്യും.

പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായി വരുന്ന 140 കോടി രൂപയിൽ 67.75 കോടി രൂപ കേന്ദ്ര സഹായമായി ഉപയോഗപ്പെടുത്താവുന്നതും 10 കോടി രൂപ ഇക്കൊല്ലത്തെ ബഡ്ജറ്റിൽനിന്നും, ശേഷിക്കുന്ന 62.25 കോടി രൂപ വിവിധ വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും ഉപയോഗപ്പെടുത്താവുന്നതാണ്.

**അടിസ്ഥാന സൗകര്യമൊരുക്കൽ**

പദ്ധതി പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി റോഡുകൾ, ജലപാതകൾ, ബോട്ട് ജെട്ടികൾ, വൈദ്യുതി, കുടിവെള്ളം, സൈനിലിറ്റേഷൻ, ഇന്റർപ്രിറ്റേഷൻ കേന്ദ്രങ്ങൾ, പാർക്കിംഗ് ഏരിയ, ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നിവ ഘട്ടം ഘട്ടമായി

വികസിപ്പിക്കേണ്ടതും റോഡുകളുടെ വികസനത്തിന്റെ ആദ്യഘട്ടത്തിൽ കൂടുതൽ ഭൂമി അക്വയർ ചെയ്യാതെ മേൽപ്പറഞ്ഞ സ്മാരകങ്ങളിലേക്കുള്ള വഴി WBM, 20/40mm ചിപ്പിംഗ് കാർപ്പെറ്റ് സങ്കേതങ്ങൾ ഉപയോഗിച്ച് വികസിപ്പിക്കേണ്ടതും, ഇതിലേക്കുള്ള എസ്റ്റിമേറ്റുകൾ PWD-യുടെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽവച്ച് പ്രത്യേക ഭരണാനുമതി നേടേണ്ടതുമാണ്. ഇതിന്റെ ഏകോപനം പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തുന്ന സ്പെഷ്യൽ ഇംപ്ലിമെന്റേഷൻ ടീം നിർവ്വഹിക്കേണ്ടതും, ഈ ഘട്ടം പ്രവൃത്തികൾ 2009 ഡിസംബറോടെ പൂർത്തീകരിക്കേണ്ടതിനും 2-ാം ഘട്ട റോഡ് വികസന പ്രവൃത്തികൾ NATPAC നടത്തുന്ന വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടതെന്ന് കണ്ടെത്തുന്ന റോഡുകളിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിനും ഭൂമി ഏറ്റെടുത്തുള്ള വീതി കൂട്ടൽ കഴിയുന്നത്ര ഒഴിവാക്കി നിലവാരത്തിലുള്ള റോഡുകൾ, ഫുട്പാത്തുകൾ എന്നിവ വികസിപ്പിക്കുന്നതിനും അംഗീകാരം നൽകുന്നു.

ജലപാത വികസനവും 17 ബോട്ട് ജെട്ടികളുടെ നിർമ്മാണവും കൺസർവേഷൻ കൺസൾട്ടന്റിന്റെ രൂപകൽപ്പനപ്രകാരം ജലസേചന വകുപ്പ് പൂർത്തിയാക്കുന്നതിനും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ മാത്രമായി സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ പരിമിതപ്പെടുത്തുന്നതിനും, പദ്ധതിക്കാവശ്യമായ ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി എസ്റ്റിമേറ്റ് സഹിതം സർക്കാരിന്റെ അംഗീകാരത്തിനായി വാട്ടർ അതോറിറ്റി സമർപ്പിക്കുന്നതിനും, വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സംസ്ഥാന വൈദ്യുതി ബോർഡ് ഏകോപിപ്പിക്കുന്നതിനുമുള്ള അംഗീകാരം നൽകുന്നു. കൂടാതെ, പുരാവസ്തു പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും വേണ്ട നിർദ്ദേശങ്ങൾ പ്രോജക്ട് കൺസൾട്ടന്റിന്റെ നിർദ്ദേശപ്രകാരം പുരാവസ്തു വകുപ്പ് തയ്യാറാക്കുന്നതിനും, പൊതുവായ കെട്ടിടങ്ങൾ, പാർക്കിംഗ് ഏരിയ, പ്രകൃതി സംരക്ഷണം, സൈനേജസ് എന്നിവ പദ്ധതി കൺസർവേഷൻ കൺസൾട്ടന്റിന്റെ നിർദ്ദേശപ്രകാരം കിറ്റ്കോ ഏറ്റെടുത്ത് നടത്തുന്നതിനും അനുമതി നൽകുന്നു.

**പാരിസ്ഥിതിക വിഷയങ്ങൾ**

ബയോ ഡൈവേർസിറ്റി, സാനിറ്റേഷൻ, വാട്ടർ ക്വാളിറ്റി എന്നീ പ്രധാന പാരിസ്ഥിതിക വിഷയങ്ങൾ നിരീക്ഷിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടത് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ കോളേജ് ആണ്.

**അക്കാദമിക് കാര്യങ്ങൾ**

ചരിത്രത്തിലും പുരാവസ്തു മേഖലകളിലും വിപുലമായ റഫറൻസ് സൗകര്യങ്ങളോടുകൂടിയ ലൈബ്രറിയും, അനുബന്ധ സൗകര്യങ്ങളും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോളേജിൽ ഏർപ്പെടുത്തുന്നതിനായി പദ്ധതി കൺസൾട്ടന്റിന്റെ നിർദ്ദേശപ്രകാരം പ്ലാൻ തയ്യാറാക്കി നടപ്പിലാക്കേണ്ടതിനുള്ള അനുമതി കിറ്റ്കോയ്ക്ക് നൽകുന്നു. പദ്ധതിയുടെ ആസ്ഥാന കേന്ദ്രം കൊടുങ്ങല്ലൂർ ആയിരിക്കും.



**പ്രസിദ്ധീകരണങ്ങളുടെയും ലഘുലേഖകളുടെയും നിർമ്മാണം**

മുസിരിസ് പൈതൃക പ്രദേശങ്ങളെപ്പറ്റിയുള്ള പുസ്തകങ്ങളും ലഘുലേഖകളും കേരള സംസ്ഥാന ചരിത്ര ഗവേഷണ കൗൺസിൽ രൂപകല്പന ചെയ്ത് പ്രസിദ്ധീകരിക്കുന്നതും മുസിരിസ് ഹെറിറ്റേജ് സംബന്ധിച്ചുള്ള ബാലസാഹിത്യ പ്രസിദ്ധീകരണങ്ങളുടെ ചുമതല സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനുമായിരിക്കും.

**പട്ടണം പര്യവേഷണം**

മുസിരിസ് പൈതൃക പദ്ധതിയുടെ കേന്ദ്രബിന്ദു ആകാൻ സാദ്ധ്യതയുള്ള പട്ടണം പ്രദേശത്തിന്റെ പര്യവേഷണവും, തുടർന്നുള്ള കണ്ടെത്തലുകളുടെ പ്രദർശനവും കേരള സംസ്ഥാന ചരിത്ര ഗവേഷണ കൗൺസിലിനായിരിക്കും.

**മാപ്പ്സ്**

പദ്ധതി പ്രദേശത്തിന്റെ മാപ്പുകളുടെ നിർമ്മാണം ഇൻഫർമേഷൻ കേരള മിഷൻ നിർവഹിക്കും.

**വിനോദ സഞ്ചാരം**

ലോകോത്തര നിലവാരമുള്ള ഒരു ടൂറിസം ഡെസ്റ്റിനേഷൻ ആയി മുസിരിസ് പൈതൃക പദ്ധതി പ്രദേശം വികസിപ്പിക്കുമ്പോൾ, മലിനീകരണം ഉണ്ടാകാത്ത തരത്തിലുള്ള ബോട്ടുകൾ, ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പൊതു ഗതാഗത സംവിധാനങ്ങൾ, പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകുന്ന രീതിയിൽ ഹോംസ്റ്റേ സംവിധാനം വിപുലപ്പെടുത്തൽ, പദ്ധതിയുടെ വിപണനം എന്നിവ ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്തമായിരിക്കും. ഇത് കൂടാതെ പ്രാദേശിക തൊഴിൽ ലഭ്യത വർദ്ധിപ്പിക്കാനുതകുന്ന ഹ്രസ്വകാല ദീർഘകാല കോഴ്സുകൾ, കിറ്റ്സിന്റെയും മറ്റ് സാങ്കേതിക സ്ഥാപനങ്ങളുടെയും സഹായത്തോടെ കൊടുങ്ങല്ലൂർ കോളേജിൽ ആരംഭിക്കാനും ടൂറിസം വകുപ്പ് മുൻകൈ എടുക്കേണ്ടതാണ്.

**കൺസർവേഷൻ കൺസൾട്ടന്റ്**

ഒരു കൺസർവേഷൻ കൺസൾട്ടന്റ് ഉണ്ടായിരിക്കുന്നതാണ്. അദ്ദേഹം പൈതൃക മേഖലകളിൽ നടക്കുന്ന എല്ലാ നവീകരണ നിർമ്മാണ പ്രവൃത്തികളും പരിശോധിക്കുന്നതും കോ-ഓർഡിനേഷൻ/അവലോകനം/ഇംപ്ലിമെന്റേഷൻ സമിതികളെ യഥോചിതം അറിയിക്കേണ്ടതുമാണ്.

**പ്രാദേശിക പദ്ധതി നിർവ്വഹണം**

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു റിസോഴ്സ് ടീം സംഘടിപ്പിക്കേണ്ടതാണ്. ആ പ്രദേശത്തെ വിവിധ പൈതൃക സ്മാരകങ്ങളുടെയും മറ്റ് പ്രശസ്ത സ്ഥാപനങ്ങളുടെയും വിശദമായ വിവരശേഖരണം റിസോഴ്സ് ടീമിന്റെ ഉത്തരവാദിത്വമാണ്. സ്മാരകങ്ങളുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ ഏകോപിപ്പിക്കുന്നതും അമൂല്യമായ ചരിത്ര ശേഷിപ്പുകളുടെ സംരക്ഷണം ഒരു സാമൂഹിക ഉത്തരവാദിത്വമാക്കി

പന്ത്രണ്ടാം കേരള നിയമസഭ -- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.343 17-03-2010-ൽ മറുപടിയ്ക്ക്

## തീരദേശ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ചോദ്യം മറുപടി

ശ്രീ. സി.കെ.സദാശിവൻ :
ശ്രീ.എം.കെ.പുരുഷോത്തമൻ :
ശ്രീ. എ.പ്രദീപ് കുമാർ :
ശ്രീ.സി.എച്ച്.കുഞ്ഞമ്പു :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) തീരദേശ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;<br>(ബി) എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത് ; | (എ) & (ബി) 343 തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി 6108.94 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകുകയും അതനുസരിച്ച് വിവിധ തീരദേശ ജില്ലകളിലായി 313 റോഡുകളുടെ പണി ത്വരിതഗതിയിൽ നടന്നുവരികയും ചെയ്യുന്നു. |
| (സി) പുതുതായി ഏതെങ്കിലും റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പുതുതായി റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) തീരദേശ റോഡുകളുടെ നിർമ്മാണത്തിന് സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 176 റോഡുകളുടെ പുനരുദ്ധാരണത്തിനും നിർമ്മാണത്തിനുമായി 2777.95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 160 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 16 പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. രണ്ടെണ്ണം ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.344 — 17-3-2010-ന് മറുപടിക്ക്

## വയോജന സഹായ സമിതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.രാജൻ<br>ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.കെ.രാജു<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വയോജന സഹായ സമിതികൾ രൂപീകരിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

എ) 2006-ലെ ജി.എം.(എം.എസ്)നം.39/2006/സ.ക്ഷേ.വ. തിരുവനന്തപുരം തീയതി 5-12-2006 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വയോജന നയത്തിലെ ഖണ്ഡിക 66, 67 പ്രകാരം പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ സഹായ സമിതികൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബി) ഈ സമിതിയുടെ ചുമതലകൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

ബി) പ്രസ്തുത സമിതികളുടെ ചുമതലകൾ 2006-ലെ വയോജന നയത്തിലെ ഖണ്ഡിക 66, 67 എന്നിവയിൽ പ്രതിപാദിക്കുന്നുണ്ട്. അവയുടെ ചുമതലകൾ ചുവടെ ചേർക്കുന്നു. വയോജനങ്ങൾക്കു വേണ്ടിയുള്ള വിവിധ പരിപാടികൾ തദ്ദേശീയ തലത്തിൽ നടപ്പാക്കാനുള്ള ഔപചാരികമായ ഏജൻസി ഗ്രാമപഞ്ചായത്ത് ആണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിശദ വിവരങ്ങളടക്കം അതാത് പ്രദേശത്തെ 60 വയസ്സിലധികം പ്രായമുള്ളവരുടെ അപ്പപ്പോഴുള്ള കണക്കു സൂക്ഷിക്കുക. വാർദ്ധക്യ കാല പെൻഷന്

.........2/-

അർഹതയുള്ളവരെ കണ്ടെത്തുകയും അംഗീകരിക്കുകയും ചെയ്യുക, അർഹതയുള്ളവർക്ക് പെൻഷൻ നൽകുക, ഡേ കെയർ സെന്ററുകളുടെയും കമ്മ്യൂണിറ്റി സെന്ററുകളുടെയും വൃദ്ധർക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള മറ്റെല്ലാ സൗകര്യങ്ങളുടേയും നടത്തിപ്പ്, മേൽനോട്ടം എന്നിവ നിർവഹിക്കുക എന്നിവയാണ് സഹായ സമിതികളുടെ ചുമതലകൾ.

വയോജനങ്ങൾക്ക് തങ്ങളുടെ ആശങ്കകളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും തങ്ങൾക്ക് സർക്കാർ സമർപ്പിക്കുന്ന പദ്ധതികൾ വിലയിരുത്തി പ്രതികരിക്കുന്നതിനും ബന്ധപ്പെട്ട വയോജനങ്ങളുടെ ഈ വേദികൾക്ക് കഴിയുന്നതാണ്. ടി സമിതികളിൽ വൃദ്ധ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ഉണ്ടാക്കണം, സിറ്റി കോർപ്പറേഷൻ മേയർ, മുനിസിപ്പാലിറ്റി ചെയർപേഴ്സൺ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവർ അതത് വേദികളുടെ രക്ഷാധികാരി ആയിരിക്കും. ഓരോ പ്രദേശത്തും വൃദ്ധർക്കുവേണ്ടി ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ഈ വേദികൾക്ക് മുഖ്യ പങ്ക് ഉണ്ടായിരിക്കും.

| | | | |
|---|---|---|---|
| സി) | വയോജന സംരക്ഷണത്തിന് സാമൂഹ്യ സാംസ്കാരിക സംഘടനകളുടെ സഹകരണം ഉറപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ? | സി) | ഉണ്ട്. സാമൂഹ്യസംഘടനകളുടെ പങ്ക് സംസ്ഥാന വയോജന നയം ഖണ്ഡിക 70, 71-ൽ വിശദീകരിക്കുന്നുണ്ട്. വയോജനങ്ങൾക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക, തങ്ങളുടെ അറിവും അനുഭവ സമ്പത്തും രാഷ്ട്ര വികസനത്തിനും ജനങ്ങളുടെ പുരോഗതിക്കും വേണ്ടി |

..................3/-

വിനിയോഗിക്കുക, വൃദ്ധസദനങ്ങളും ഡേ കെയർ സെന്ററുകളും സ്ഥാപിച്ചു നടത്തുക, വയോജനങ്ങൾക്കു വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംഘടിപ്പിച്ചിട്ടുള്ളതും ധനസഹായം ചെയ്യുന്നതുമായ പല ക്ഷേമ പദ്ധതികളും ഏറ്റെടുത്തു നടത്തുക. ഗുണഭോക്താക്കൾക്ക് ഗുണം ചെയ്യുന്നതും താങ്ങാനാവുന്നതും ചെലവുകുറഞ്ഞതുമായ നിരവധി സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഈ വഴിയുള്ള സർക്കാരിന്റെ ഉദ്യമങ്ങളിൽ സഹായിക്കുക തുടങ്ങിയ കാര്യങ്ങൾ ഇവർക്ക് ചെയ്യാവുന്നതാണ്.

[signature]

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 345 — 17-03-2010 ൽ മറുപടിക്ക്

## കള്ളപ്രമാണങ്ങൾ റദ്ദാക്കുന്നതിന് നിയമനിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി. രാജഗോപാലൻ<br>,, ബി. രാഘവൻ<br>,, കെ. കുഞ്ഞിരാമൻ<br>,, എം. കെ. പുരുഷോത്തമൻ<br>,, പി.പി. അബ്ദുള്ളക്കുട്ടി | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കള്ളപ്രമാണങ്ങൾ റദ്ദാക്കുന്നതിന് നിയമനിർമ്മാണം നടത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ. ഇതിനായുള്ള കരട് നിയമത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; | (എ) ആൾമാറാട്ടം മുഖേന രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളും സർക്കാർ ഭൂമി തട്ടിയെടുക്കുന്നതിനായി വ്യാജമായി ചമക്കപ്പെടുന്ന ആധാരങ്ങളും റദ്ദുചെയ്യുവാൻ സർക്കാരിന് അധികാരം നൽകുന്ന നിയമ ഭേദഗതിയുടെ കരടിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) കള്ളപ്രമാണങ്ങൾ റദ്ദുചെയ്യുന്നത് സംബന്ധിച്ച കരട് നിയമത്തിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) സർക്കാർ വക ഭൂമി കൈമാറ്റം ചെയ്യുന്ന പ്രമാണങ്ങൾ ഹാജരാക്കുമ്പോൾ ഉടമസ്ഥാവകാശം ഉറപ്പാക്കിയ ശേഷം മാത്രം രജിസ്റ്റർ ചെയ്യാനും അല്ലാത്ത പക്ഷം രജിസ്ട്രേഷൻ നിഷേധിക്കുവാനും കഴിയണം, ആൾമാറാട്ടത്തിലൂടെ രജിസ്റ്റർ ചെയ്തതാണെന്ന് തെളിയുന്ന കേസുകളിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ സർക്കാരിന് അധികാരം നൽകണം എന്നിവയാണ് കരട് നിയമത്തിലെ വ്യവസ്ഥകൾ. |

| | |
|---|---|
| (സി) കള്ളപ്രമാണങ്ങൾ കണ്ടെത്തുന്നതിനുള്ള സംവിധാനം എന്താണ്; | (സി) നിയമനിർമ്മാണത്തിന് ശേഷം മാത്രമേ വിശദമായ ചട്ടങ്ങൾ രൂപീകരിക്കുകയുള്ളൂ. |
| (ഡി) ഇതിനകം എത്ര കള്ള പ്രമാണങ്ങൾ രജിസ്ട്രേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; | (ഡി) കള്ളപ്രമാണം സംബന്ധിച്ച് ലഭിച്ച പരാതികളിൽ 7 എണ്ണം കഴമ്പുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) കള്ളപ്രമാണങ്ങൾ കണ്ടെത്തുന്നതിനായി റവന്യൂ രജിസ്ട്രേഷൻ വകുപ്പുകൾ യോജിച്ചു പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) ഇതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരുവകുപ്പുകളും സഹകരിച്ചുള്ള പ്രവർത്തനമാണ് നിലവിൽ നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.346. 17.03.2010-ൽ മറുപടിക്ക്.

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ പ്രവർത്തിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സാജുപോൾ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.രാജു എബ്രഹാം | | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ പ്രവർത്തിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നിലവിലുള്ളഅവസ്ഥ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വിവിധ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്കീമുകളുടെ വിശദവിവരം അറിയിക്കുമോ; | (ബി) | I. ഗ്രാമപഞ്ചായത്ത്<br>1) തിരുവനന്തപുരം<br><br>പെരുങ്കടവിള - 2<br>വെഞ്ഞാറമൂട് -1<br>കുളത്തൂർ-1<br>കരകുളം -4<br><br>2)ആലപ്പുഴ<br>പാണ്ടനാട് -1<br><br>3)ഇടുക്കി<br>മണക്കാട്ട് - 2<br>4)എറണാകുളം-12 |

5) പാലക്കാട് -14

6)മലപ്പുറം

ഏലംകുളം - 2

പുലാമന്തോൾ - 3

ആലിപ്പറമ്പ് - 3

7) കോഴിക്കോട്

ചാത്തമംഗലം - 1

മാവൂർ - 1

മേപ്പയൂർ - 1

കൊടിയത്തൂർ - 1

II. ബ്ലോക്ക് പഞ്ചായത്ത്.

1) തിരുവനന്തപുരം

വാമനപുരംബ്ളോക്ക്പഞ്ചായത്ത്-

നെല്ലനാട് ഏലായിൽ ലിഫ്റ്റ് ഇറിഗേഷൻ

2)കോട്ടയം-

ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്ത് .

1.പാറമ്പുഴ ലിഫ്റ്റ് ഇറിഗേഷൻ

2.ചെമ്പകശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ

3.)തൃശ്ശൂർ

1)ചാലക്കുടി ബ്ളോക്ക് പഞ്ചായത്ത് .

1.ചിക്ളായി 2.കൂവക്കാട് കുന്ന്

3.ഇരട്ടച്ചിറ 4.കലവറക്കടവ് 5.കുന്തക്കുളം

6. പൊങ്ങം

2)ഇരിഞ്ഞാലക്കുട ബ്ളോക്ക് പഞ്ചായത്ത് .

1.കപ്പാറ 2.പോങ്കോത്ര

3)ഒല്ലൂക്കര ബ്ളോക്ക് പഞ്ചായത്ത്

1.കനകശ്ശേരി 2.പട്ടിലംകുഴി

4)പഴയന്നൂർ ബ്ളോക്ക് പഞ്ചായത്ത്

1.കോടത്തൂർ 2.അറക്കാമല 3.പാറക്കടവ്

4.വാഴാലിപ്പാടം

5)പുഴയ്ക്കൽ ബ്ളോക്ക് പഞ്ചായത്ത്

1.വിലങ്ങൽ 2.പഴിയാർകുളങ്ങര

3.എടക്കളത്തൂർ 4.തോളൂർകുന്ന്

5.കുത്തൂർ മണൽപ്പാടം

4.പാലക്കാട്

1)അട്ടപ്പാടി ബ്ളോക്ക് പഞ്ചായത്ത്

1.കടമ്പാറ 2.നല്ലശിങ്ക 3.പാക്കുളം

4.മുണ്ടൻപാറ 5.വട്ടലക്കി 6.തേക്കുവട്ട
7.ചുണ്ടപ്പെട്ടി 8.മഞ്ചിക്കണ്ടി 9.അഗളി
10.കൽക്കണ്ടിയൂർ 11.മേലെസാമ്പാർകോട്
12. ചീരക്കടവ് 13. താഴെമുള്ളി
14.നക്കുപ്പതി 15.നരസിമുക്ക്
16.താഴെകക്കുപ്പടി ചോലക്കാട്17.
രംഗനാഥപുരം 18. താഴെപരപ്പൻതറ 19.
കള്ളക്കര 20. ചുട്ടറ 21.മേലെ
ഉമ്മത്താംപടി 22. കൽമുക്കിയൂർ 23.
കാരയൂർ 24. കോട്ടമല 25. ബോഡിചാള
26. താഴെസാമ്പാർകോട് 27.മട്ടത്തുക്കാട്
28. നായ്ക്കർപാടി 29. നക്കുപ്പതി 30.
അച്ചൻമുക്ക് 31. കൽക്കണ്ടി 32.
മഥനൻപടി

2) കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

1. ആലാംതോട് 2. തരവനാട്ടുക്കളം

3) നെന്മാറ ബ്ലോക്ക് പഞ്ചായത്ത്

1. കുമരം പത്തൂർ 2. മുട്ടിക്കടവ് 3. തുറ്റിപ്പാടം

4.ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്.

1. മുച്ചിത്തോട്ടം തിരുണ്ടി 2. കാഞ്ഞിരക്കടവ്.

5. പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

1. കൊടുമ്പ്

5)മലപ്പുറം

1.കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്
ചെറിയകുളം
2. വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്
കരിയമ്പാട് താഴം

6) കണ്ണൂർ ജില്ല

1. എടക്കാട് ബ്ലോക്ക് പഞ്ചായത്ത്
ചെറുമാവിലായി
2. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

1.ചേലമ്പാട് 2. കരിങ്കാട്ടുകുളം
3. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്
വളയങ്ങാട്

7) കാസർഗോഡ് ജില്ല

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്
മഞ്ചപ്പാടി
III) ജില്ലാ പഞ്ചായത്ത്
1)തിരുവനന്തപുരം
1.മാവിളക്കടവ് 2. കല്ലിയൂർ
2) ആലപ്പുഴ - 1980 - ൽ കൃഷിവകുപ്പ് മുഖേന അറുനൂറ്റിമംഗലം സംസ്ഥാനവിത്തുല്പാദനകേന്ദ്രത്തിൽ 17.5 എച്ച്.പി. കപ്പാസിറ്റിയുള്ള ബോർവെൽ സ്ഥാപിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനക്ഷമത കുറഞ്ഞപ്പോൾ 2006-07 - ൽ ജില്ലാ പഞ്ചായത്ത് നേരിട്ട് ഒരു ബോർവെൽ കൂടി സ്ഥാപിച്ചു.
3)മലപ്പുറം
1.മുള്ളൻകുഴി
2.ഗണപതിക്കാവ്

(സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാത്ത നിരവധി പദ്ധതികൾ ഉള്ളവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഉണ്ട്.
ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് ആയത് പ്രവർത്തനക്ഷമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) വർഷങ്ങൾക്കുമുമ്പ് നിർമ്മാണം തുടങ്ങി പൂർണ്ണമാകാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

(ഡി) I. ഗ്രാമപഞ്ചായത്ത്
1) എറണാകുളം
ആവോലി ഗ്രാമപഞ്ചായത്ത് - ചെമ്പൻമല
2)മലപ്പുറം ജില്ല
1.തെക്കേപറമ്പ്
2.തൃപ്പൂതംപുഴ(തൂതപുഴ)

---

3.പാറക്കടവ്

## II. ബ്ലോക്ക് പഞ്ചായത്ത്

1) തൃശ്ശൂർ

1.ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് .

1.കൂത്തകുളം 2. പൊങ്ങം

2.ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് .

പോങ്കോത്ര

3.ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

1.കനകശ്ശേരി 2.പട്ടിലംകുഴി

4.പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

വിലങ്ങൽ

കുത്തൂർ മണൽപ്പാടം

2) പാലക്കാട്

1.അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്

1.കടമ്പാറ 2.നല്ലശിങ്ക 3.പാക്കുളം

4.മുണ്ടൻപാറ 5.മഞ്ചിക്കണ്ടി 6.അഗളി

7.കതിർകണ്ടിയൂർ 8.മേലേസാമ്പാർകോട്

9.നക്കുപ്പതി 10.നരസിമുക്ക് 11. താഴെപര

പ്പൻതറ 12. കാരയൂർ 13. കോട്ടമല

14. ബോഡിചാള 15. താഴെസാമ്പാർകോട്

16. മഥനൻപടി 17.തേക്കുവട്ട

4.ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്.

1. മുച്ചിത്തോട്ടം തിരുണ്ടി

2. കാഞ്ഞിരക്കടവ്

## III ജില്ലാപഞ്ചായത്ത്

1. എറണാകുളം ജില്ലാ പഞ്ചായത്ത്

1.പഞ്ഞിപ്പള്ള 2. അരളിക്കാവ്

3. പാനായിക്കുളം 4. അറുനൂറ്റാറുകോളനി

5. ചുങ്കക്കുഴി 6.പടിപ്പാറ 7. അകനാട്

8.മങ്കുഴി 9. മനയ്ക്കനിരയ്പ്പേൽ 10. ചിറപ്പുറം

11. ചുരളിച്ചിറ 12. കുരിയാമത്തോട്

13. പീച്ചനാമുകൾ

2)തൃശ്ശൂർ ജില്ലാപഞ്ചായത്ത്

1. ഇഞ്ചക്കുണ്ട് - ഒർപ്പോടം

2. ചെറുകാട്

3. വിമൽഹിൽ
4. വെറ്റിലപ്പാറ എക്സ്സർവീസ്മെൻ കോളനി ഇലക്ട്രിഫിക്കേഷൻ
5. എടത്തിരുത്തി 6.തിരുത്തിക്കുളങ്ങര
7.അന്നമനട 8.മന്ദാരം 9.എർയാംകുടി
10.ചെങ്ങല്ലൂർ മനക്കാലക്കടവ്
11. സ്നേഹപുരം രണ്ടാം കല്ല്
12. എടത്തിരുത്തി എൽ.ഐ.എസ്. കനാലിന്റെ അറ്റകുറ്റപ്പണികൾ
13. കാട്ടൂർ തെക്കുംപാടം 14. ചെങ്ങാലൂർ - മേലെക്കയം 15. അന്നനാട്
16. ഊളൻചിറ റെഗുലേറ്ററിന്റെ അറ്റകുറ്റപ്പണികൾ
17. മാമ്പ്രക്കരിക്കാട്ടുകുന്ന്

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.347. 17.03.2010-ൽ മറുപടിക്ക്.

പഞ്ചവത്സര പദ്ധതി സംബന്ധിച്ച പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം. എ.വാഹീദ് | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) ഏതെല്ലാം വകുപ്പുകൾ നടത്തിയിരുന്ന പഞ്ചവത്സര പദ്ധതികൾ സംബന്ധിച്ച പ്രവർത്തനങ്ങളാണ് പഞ്ചായത്തുകളെ ഏൽപ്പിച്ചത്; | (എ) കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, പൊതുവിദ്യാഭ്യാസം, മത്സ്യബന്ധനം, ഗ്രാമ വികസനം, സാമൂഹ്യക്ഷേമം, ക്ഷീരവികസനം, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, ഹോമിയോ, ആയുർവേദം, പൊതുമരാമത്ത്, ജലസേചനം, വ്യവസായം, വൈദ്യുതി, പാരമ്പര്യേതര ഊർജ്ജം, വനം, സാംസ്കാരികം എന്നീ വകുപ്പുകളിലെ പഞ്ചവത്സര പദ്ധതികൾ സംബന്ധിച്ച കുറെ പ്രവർത്തനങ്ങൾ പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) പദ്ധതി സംബന്ധിച്ച എന്തെല്ലാം കാര്യങ്ങളാണ് പഞ്ചായത്തുകൾ നടപ്പാക്കേണ്ടത്; | (ബി) ആസൂത്രണം, നിർവഹണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മുതലായ കാര്യങ്ങളാണ് പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ടത്. |
| (സി) തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കുന്നുണ്ടോ; മേൽനോട്ടം വഹിക്കുന്നത് ആരാണ്; | (സി) താരതമ്യേന മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കുന്നുണ്ട്. പദ്ധതി നിർവഹണം വർക്കിംഗ് ഗ്രൂപ്പ് തലത്തിലും തദ്ദേശഭരണസ്ഥാപനതലത്തിലും മോണിട്ടർ ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പഞ്ചായത്തുകൾ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങളിൽ പാളിച്ചയുണ്ടോയെന്ന് നോക്കുകയും പാളിച്ചയുണ്ടെങ്കിൽ ന്യൂനതകൾ പരിഹരിക്കാൻ നിർദ്ദേശം നൽകേണ്ടതും ആരാണ് എന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രോജക്ട് അടിസ്ഥാനത്തിലുള്ള മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പ് തലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലുമാണ് നടത്തുന്നത്. ജില്ലാതലത്തിൽ പദ്ധതി നിർവഹണത്തിന്റെ മൊത്തത്തിലുള്ള പുരോഗതി ജില്ലാ ആസൂത്രണ സമിതിയുടെ ചുമതലയിൽ നടത്തുന്നുണ്ട്. ഈ അവലോകനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാനെ കൂടാതെ പൊതുജനങ്ങൾക്കും പഞ്ചായത്തുകൾ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങളിൽ പാളിച്ചയുണ്ടോയെന്ന് ഏത് ഘട്ടത്തിലും പരിശോധിക്കാവുന്നതും അത് പരിഹരിക്കുന്നതിന് നിർദ്ദേശം നല്കാവുന്നതുമാണ്.<br>നയപരമായ കാര്യങ്ങൾ സർക്കാർ തലത്തിൽ തീരുമാനമെടുത്ത് നിർദ്ദേശങ്ങൾ നൽകുകയും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 348

17-3-2010 ൽ
മറുപടിയ്ക്ക്

ചെന്നൈയിലെ കെ.ടി.ഡി.സി. പ്രോജക്ടിന്റെ പൂർത്തീകരണത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി. ജലീൽ:<br>ശ്രീ. സി.എം. ദിനേശ് മണി:<br>ശ്രീ. എ.എം. യൂസഫ്:<br>ശ്രീ. ബാബു.എം പാലിശ്ശേരി:<br>ശ്രീ. എം. ഹംസ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരള സർക്കാരിന്റെ അധീനതയിൽ ചെന്നൈയിൽ ഉണ്ടായിരുന്ന ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ചെന്നൈയിൽ ഉള്ള 55 സെന്റ് സ്ഥലത്ത് കെ.ടി.ഡി.സിയ്ക്ക് കേരള ഹൗസ് എന്ന പേരിൽ ഒരു ഹോട്ടൽ സമുച്ചയം തുടങ്ങാൻ അനുമതി നൽകുകയുണ്ടായി. ഇതിലേയ്ക്കായി 10 കോടി രൂപ സംസ്ഥാന സർക്കാർ മൂലധനമായി നൽകുകയുണ്ടായി. കെ.ടി.ഡി.സിയുടെ കീഴിൽ കേരള ഹൗസിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ബി) പ്രസ്തുത ഭൂമിയിൽ ആരംഭിച്ച പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | ബി) 9 നിലകളിലായി 91 മുറികളോടു കൂടി പണിതു വരുന്ന ഹോട്ടലിന്റെ 3 നിലകളുടെ പണി ഇതിനോടകം പൂർത്തിയായി. 4-ാമത്തെ നിലയുടെ പണി നടന്നു വരികയാണ്. കൂടാതെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ, എസി, പ്ളംബിംഗ് പണികളും ഇന്റീരിയർ ഡിസൈനിംഗ് ഉൾപ്പെടെയുള്ള പണികളും ധൃതഗതിയിൽ നടന്നുവരുന്നു. |
| സി) ചെന്നൈയിലെ കെ.ടി.ഡി.സി. പ്രോജക്ടുകൾക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നറിയിക്കുമോ; | സി) 876.44 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (എണ്ണൂറ്റി എഴുപത്തിയാറ് ലക്ഷത്തി നാല്പത്തിനാലായിരം രൂപ മാത്രം). |

| | |
|---|---|
| ഡി) പ്രസ്തുത പ്രോജക്ടിന്റെ സമയബന്ധിതമായ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | ഡി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുംവിധമാണ് നിർമ്മാണ പ്രവർത്തനം നടന്ന് വരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നംപർ- 349

17/3/2010 -ൽ മറുപടിയ്ക്ക്.

## ജയിലുകളിൽ ഒളിക്യാമറ സ്ഥാപിക്കുവാൻ നടപടി

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി.സി.ജോർജ്:
ശ്രീ. ജോസഫ്. എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴിക്കാടൻ ;

ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
(ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ). ജയിലുകളിലെ അനാരോഗ്യപ്രവണതകൾ ഫലപ്രദമായി തടയുന്നതിലേക്കായി ഒളിക്യാമറകൾ സ്ഥാപിക്കുവാനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ). ജയിലുകളിലെ അനാരോഗ്യ പ്രവണതകൾ തടയുന്നതിനുള്ള സുരക്ഷാ നടപടികളുടെഭാഗമായിതടവുകാരെ നിരീക്ഷണവിധേയരാക്കാനായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഒളിക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ ടി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു . വിയ്യൂർ സെൻട്രൽ ജയിലിൽ കൂടി ഈ സംവിധാനം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി). ഏതൊക്കെ ജയിലുകളിൽ ഒളിക്യാമറകൾ പൂർണ്ണമായി സ്ഥാപിച്ചുകഴിഞ്ഞുവെന്നറിയിക്കുമോ; | (ബി).തിരുവനന്തപുരംസെൻട്രൽ ജയിലിൽ . |
| (സി). ലഹരിപദാർത്ഥങ്ങൾ ജയിലുകൾക്കുള്ളിലേക്കു കടത്തുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി പുതുതായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കുമോ; | (സി). ലഹരി പദാർത്ഥങ്ങൾ ജയിലിനുള്ളിലേക്ക് കടത്തുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ താഴെ പറയുന്നവയാണ്.<br><br>1. കോടതികളിലും, ആശുപത്രികളിലും പോയി മടങ്ങിവരുന്ന തടവുകാരുടെ ദേഹ പരിശോധന കർശനമായി നടപ്പാക്കുന്നു. |

| | |
|---|---|
| | 2. കേരളത്തിലെ മൂന്ന് സെൻട്രൽജയിലുകളിലും ഗേറ്റിലെ പരിശോധന പോലീസിന് കൈമാറിയിട്ടുണ്ട്. റിസർവ്വ് പോലീസുകാരാണ് ഇതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നത്.<br><br>3. ലോക്കപ്പ്/അൺലോക്കപ്പ് സമയങ്ങളിൽ ജയിലുദ്യോഗസ്ഥർ സെല്ലുകളിലും, ബാരക്കുകളിലും അപ്രതീക്ഷിത പരിശോധനകൾ നടത്തി വരുന്നു. ജയിലിനുള്ളിലെ നിയമലംഘനങ്ങൾ യഥാസമയം കണ്ടെത്തുന്നതിനായി ഒളിക്യാമറാ സംവിധാനം ഘട്ടം ഘട്ടമായി എല്ലാ സെൻട്രൽ ജയിലുകളിലും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| **(ഡി). ജയിലുകളിൽ മൊബൈൽ ഫോണുകൾ നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ, ഏതുത്തരവുപ്രകാരം എന്നറിയിക്കുമോ;** | (ഡി). **ഉണ്ട് . ജയിലിനുള്ളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ജയിൽ സുരക്ഷക്ക് വിഘാതമാണ്.** ജയിൽസുരക്ഷക്ക് വിഘാതമായ ഏത് വസ്തുവും ജയിലിനുള്ളിലേക്ക് കൊണ്ടുപോകുന്നതിന് ജയിൽ ചട്ടങ്ങൾ പ്രകാരം നിരോധനമുണ്ട് എന്നതിനാൽ ഇതിനായി പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| **(ഇ ). ഇല്ലെങ്കിൽ , എല്ലാ ജയിലുകളിലും മൊബൈൽ ജാമറുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?** | **(ഇ).മൂന്നു സെൻട്രൽ ജയലുകളിലും മൊബൈൽ ഫോൺ ജാമറുകൾ സ്ഥാപിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി കണ്ണൂർ സെൻട്രൽ** ജയിലിൽ കെൽട്രോൺ മുഖാന്തിരം മൊബൈൽ ഫോൺ ജാമറുകൾ സ്ഥാപിച്ചു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ജാമറുകൾ പൂർണ്ണമായും പ്രവർത്തനസജ്ജമല്ല.ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ ജയിലുകളിലും മൊബൈൽ ഫോൺജാമറുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല |

**സെക്ഷൻ ആഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ -- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.350 17-03-2010- ൽ മറുപടിയ്ക്ക്

**ചെമ്മീൻ കർഷകർക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ**

ചോദ്യം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

ശ്രീ.എൻ.അനിരുദ്ധൻ :

ശ്രീമതി. ഇ.എസ്.ബിജിമോൾ :

ശ്രീ.കെ.അജിത് :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ചെമ്മീൻ കർഷകർക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) മത്സ്യകേരളം പദ്ധതി വിഹിതവും, ആർ.കെ.വി.വൈ. - യിൽ നിന്നുള്ള വിഹിതവും ഇൻപുട്ട് സബ്സിഡി വർദ്ധിപ്പിച്ചതിൽനിന്നുള്ള തുകയും കൂടി കണ്ടെത്തി കർഷകർക്ക് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ ചെമ്മീൻ കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. |
| (ബി) എങ്കിൽ ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കും എന്ന് വ്യക്തമാക്കുമോ ; | (ബി) ഇതിനകം 372 വ്യക്തിഗത ചെമ്മീൻ കർഷകരും 10 ഗ്രൂപ്പുകളും ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മുഴുവൻ ചെമ്മീൻ കൃഷിക്കാരെയും പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. |
| (സി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) രോഗങ്ങൾ, വെള്ളപ്പൊക്കം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം 80% നഷ്ടമുണ്ടാകുന്ന കർഷകന് മുഴുവൻ നഷ്ടമായി കണക്കാക്കി കാര ചെമ്മീനിന് ഒരു ഹെക്ടറിന് 150000/- രൂപയുടെയും നാരൻ ചെമ്മീനിന് 1 ഹെക്ടറിന് 75000/- രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ - 351

17/03/2010-ൽ മറുപടിയ്ക്ക്

## വാർഡ് പുനർവിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. സി.കെ. പി. പത്മനാഭൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ വിഭജിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10-ാം വകുപ്പും 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 69-ാം വകുപ്പും അനുസരിച്ചാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകൾ വിഭജിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിജ്ഞാപനം ചെയ്യപ്പെട്ട അംഗസംഖ്യയ്ക്കു തുല്യഎണ്ണം വാർഡുകളായി വിഭജിക്കുന്നത് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയും ഓരോ വാർഡിലേയും ജനസംഖ്യ കഴിവതും തുല്യമായി വരത്തക്ക വിധത്തിലാണ് വാർഡുകളുടെ അതിർത്തികൾ നിർണ്ണയിക്കേണ്ടത്. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളെ നിയോജക മണ്ഡലങ്ങളായി വിഭജിക്കുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ നിയോജക മണ്ഡലങ്ങളെയോ ജില്ലാ പഞ്ചായത്തുകളെ നിയോജക മണ്ഡലങ്ങളായി വിഭജിക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിയോജക മണ്ഡലങ്ങളെയോ ഒന്നിലധികം ഭാഗങ്ങളായി വേർതിരിക്കാത്ത വിധത്തിലായിരിക്കണം അതിർത്തികൾ നിശ്ചയിക്കേണ്ടത്. ഡീലിമിറ്റേഷൻ കമ്മീഷൻ വാർഡുകളുടെ അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒരു നോട്ടീസ് സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും മറ്റു പ്രമുഖ സ്ഥാപനങ്ങളിലും പ്രസിദ്ധപ്പെടുത്തുന്നതും പ്രസിദ്ധപ്പെടുത്തിയ വസ്തുത സർക്കാർ ഗസറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് വ്യാപകമായി പ്രചാരമുള്ള രണ്ട് ദിന പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതുമാണ്. കരടു വാർഡു വിഭജന നിർദ്ദേശങ്ങളിൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷം വാർഡുകളുടെ അതിർത്തി പുനർ നിർണ്ണയം പൂർത്തിയാക്കുന്നതുമാണ്. ഇതു സംബന്ധിച്ച മറ്റു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷന് അധികാരമുണ്ട്. കമ്മീഷൻ ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) വാർഡ് പുനർ വിഭജനം സംബന്ധിച്ച് ഡീലിമിറ്റേഷൻ കമ്മീഷന്റെ ശുപാർശ എന്തെല്ലാമാണ്; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തുന്നതിനായി 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10-ാം വകുപ്പ്, 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 69-ാം വകുപ്പ്, 2005 -ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (ഡീലിമിറ്റേഷൻ കമ്മീഷൻ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥ അനുസരിച്ചാണ് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. അതിനാൽ ഡീലിമിറ്റേഷൻ കമ്മീഷൻ അതിർത്തി പുനർ വിഭജനം സംബന്ധിച്ച ശുപാർശകളൊന്നും സർക്കാരിന് സമർപ്പിക്കേണ്ടതില്ല. |
| (സി) വാർഡ് പുനർ വിഭജനം സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | (സി) സംസ്ഥാനത്തെ നഗരസഭകളുടെ അംഗസംഖ്യ സർക്കാരും, ഗ്രാമ പഞ്ചായത്തുകളുടെ അംഗസംഖ്യ പഞ്ചായത്ത് ഡയറക്ടറും നിശ്ചയിച്ച് വിജ്ഞാപനം ചെയ്തതനുസരിച്ച് അംഗസംഖ്യ നിശ്ചയിച്ച് 3 മുനിസിപ്പൽ കോർപ്പറേഷനുകളുടെയും 47 മുനിസിപ്പാലിറ്റികളുടെയും 976 ഗ്രാമ പഞ്ചായത്തുകളുടേയും വാർഡു വിഭജന കരടു നിർദ്ദേശങ്ങൾ 21/12/2009 -ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കരടു നിർദ്ദേശത്തിന്മേലുള്ള ആക്ഷേപങ്ങളിന്മേൽ വിവിധ ജില്ലകളിൽ ഡീലിമിറ്റേഷൻ കമ്മീഷൻ പരാതിക്കാരെ നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) വാർഡ് വിഭജനം സംബന്ധിച്ച പരാതികൾ നൽകിയവരിൽ നിന്നും ഡീലിമിറ്റേഷൻ കമ്മീഷൻ തെളിവെടുക്കുന്ന നടപടി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) പരാതി നൽകിയവരുടെ ഹിയറിംഗ് 2010 മാർച്ച് അവസാനത്തോടെ പൂർത്തിയാക്കുന്നതിനാണ് ഡീലിമിറ്റേഷൻ കമ്മീഷൻ ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 352

17.03.2010-ൽ മറുപടിയ്ക്ക്

## ഫിഷറീസ് സർവ്വകലാശാല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ബാബു<br>ശ്രീ.എം. മുരളി<br>ശ്രീ.എൻ.ശക്തൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ; | എ) ഉണ്ട്. |
| ബി) ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | ബി) കേരളത്തിൽ ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്താൻ നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതി യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് എന്ന പദ്ധതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ മത്സ്യമേഖലയുടെ അനന്തമായ സാധ്യതകളും, ഈ മേഖലയുടെ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ടാണ് ഈ യൂണിവേഴ്സിറ്റി കേരളത്തിൽതന്നെ സ്ഥാപിക്കാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നത്. അന്തർദേശീയ സ്ഥാപനങ്ങളുടെ നിലവാരമുള്ള പഠനവും, ഗവേഷണ പഠനങ്ങൾ, മത്സ്യമേഖലയുടെ സമഗ്രവികസനം എന്നിവയാണ് യൂണിവേഴ്സിറ്റിയുടെ പ്രധാന ലക്ഷ്യം. കേന്ദ്രീകൃത സർവ്വകലാശാലകളുടെ സ്വഭാവത്തിൽ ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കുവാനാണ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത്. |
| സി) സർവ്വകലാശാല സ്ഥാപിക്കുന്നതിന് എന്ത് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | സി) ഏകദേശം 30 കോടി രൂപ ചെലവു വരുന്ന ഒരു പഠന റിപ്പോർട്ടാണ് കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്. |
| ഡി) ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടെന്നു പറയുമോ; | ഡി) ഫിഷറീസ് സർവ്വകലാശാലയുടെ ഒരു പഠന റിപ്പോർട്ട് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ യു.ജി.സി. ഭൗമ പഠന മന്ത്രാലയം, ഐ.സി.എ.ആർ. എന്നിവയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| ഇ) മത്സ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിനായി പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇ) കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 353 — 17.03.2010- ൽ മറുപടിക്ക്.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്ജ്<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ഫയർഫോഴ്സ് സ്റ്റേഷനുകൾ ഉണ്ടെന്നും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ ; | : (എ) 89 ഫയർഫോഴ്സ് സ്റ്റേഷനുകൾ, 2691 ജീവനക്കാർ |
| (ബി) അത്യാധുനിക ഉപകരണങ്ങൾ ശാസ്ത്രീയമായി ഉപയോഗിക്കുവാനുള്ള വിദഗ്ധ പരിശീലനം പ്രസ്തുത ജീവനക്കാർക്കു നൽകിയിട്ടുണ്ടോ ; | : (ബി) ഉണ്ട്. |
| (സി) എൽ.പി.ജി., രാസവസ്തുക്കൾ തുടങ്ങിയവ മൂലമുള്ള അപകടങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുവാൻ പര്യാപ്തമായ ഉപകരണങ്ങളും, പരിശീലനങ്ങളും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | : (സി) സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# 12-ാം കേരള നിയമസഭ

## 14-ാം സമ്മേളനം

**17.03.2010 ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ടത്**
**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 354**

**<u>പെൻഷൻകാർക്കുള്ള ക്ഷേമപദ്ധതികൾ</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീ. ബാബു പോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ധനകാര്യവകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്തെ പെൻഷൻ കാർക്കായി പ്രത്യേക ചികിത്സാ പദ്ധതിയും ക്ഷേമനിധിയും നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?<br>(ബി) എങ്കിൽ ഇതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | സംസ്ഥാനത്തെ പെൻഷൻകാർക്കായി പ്രത്യേക ചികിത്സാ പദ്ധതിയും ക്ഷേമനിധിയും നടപ്പിലാക്കുവാൻ തത്ക്കാലം സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ പെൻഷൻകാർക്കുവേണ്ടി ഒരു മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.355

17.03.2010-ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിൽ നൽകാൻ കഴിയാതിരുന്ന സംഭവങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. രാഘവൻ:<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീമതി. കെ.കെ. ലതിക:<br>ശ്രീ. എ.സി. മൊയ്തീൻ:<br>ശ്രീ.എസ്. രാജേന്ദ്രൻ : | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. തൊഴിലുറപ്പു പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ ആവശ്യപ്പെട്ടിട്ടും തൊഴിൽ നൽകാൻ കഴിയാതിരുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; | എ. | ഉണ്ട്. |
| ബി. എത്ര പേർക്കാണ് ഇപ്രകാരം തൊഴിൽ നൽകാതിരുന്നത്; | ബി. | ഒരാൾക്ക്. |
| സി. ഇതിന്റെ ഫലമായി ഏതെല്ലാം പഞ്ചായത്തുകളിലാണ് തൊഴിലില്ലായ്മ വേതനം നൽകുവാൻ ഇടയാക്കിയിട്ടുള്ളത്; | സി. | വയനാട് ജില്ലയിലെ മുള്ളൻകൊല്ലി പഞ്ചായത്തിൽ. |
| ഡി. അതിന് ഉത്തരവാദിയായ ജീവനക്കാർക്കെതിരെ എന്തു നടപടി ആണ് സ്വീകരിച്ചിട്ടുള്ളത്; | ഡി. | തൊഴിലില്ലായ്മ വേതനമായി നൽകേണ്ട തുക പഞ്ചായത്തു ഫണ്ടിൽ നിന്നും നൽകുന്നതിനും അപ്രകാരം നൽകേണ്ടി വന്ന തുക ഗ്രാമപഞ്ചായത്തു സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനും നടപടി സ്വീകരിച്ചു. |
| ഇ. ഓരോ പഞ്ചായത്തിലും തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് കാലേകൂട്ടി തീരുമാനമെടുക്കാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ ? | ഇ. | ഇതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ തന്നെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 356 — 17 / 3 /2010 - ൽ മറുപടിയ്ക്ക്

## പോലീസുകാരുടെ ഡ്യൂട്ടി സമയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. സി. കെ. സദാശിവൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) പോലീസുകാരുടെ ഡ്യൂട്ടി സമയം എട്ട് മണിക്കൂർ ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) പോലീസുകാരുടെ ജോലി സമയം 8 മണിക്കൂർ ആയി നിജപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യം ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു |
| (ബി) ഇതിനകം എത്ര പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ; | (ബി) 3 ഘട്ടങ്ങളിലായി ഇതിനകം 17 പോലീസ് ജില്ലകളിലെ 3 വീതം പോലീസ് സ്റ്റേഷനുകളിലായി ആകെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) അടുത്ത വർഷം എത്ര പോലീസ് സ്റ്റേഷനുകളിലേക്കുകൂടി പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) പോലീസ് സേനയിലെ അംഗബലം കുറവായതുകൊണ്ട് 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. അംഗബലം കൂടുന്നതനുസരിച്ച് ഈ പദ്ധതി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 357 17.03 .2010 ൽ മറുപടിയ്ക്ക്

### ഐ. ടി വ്യവസായങ്ങളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| എ) കേരളത്തിലെ ഐ. ടി. വ്യവസായ സ്ഥാപനങ്ങൾക്ക് സുരക്ഷാഭീഷണി നിലവിലുണ്ടോ; വിശദമാക്കുമോ ;<br><br>ബി) ഉണ്ടെങ്കിൽ ഇവയുടെ സംരക്ഷണത്തിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ; | എ) ആൻറ് (ബി) കേരളത്തിലെ ഐ.ടി. വ്യവസായ സ്ഥാപനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സുരക്ഷാ ഭീഷണി ഉള്ളതായി വ്യക്തമായ അറിവു ലഭിച്ചിട്ടില്ല. |
| സി) ഐ ടി. സ്ഥാപനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാൻ പ്രത്യേക സുരക്ഷാ വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ? | (സി) രാജ്യത്തെ പല ഭാഗങ്ങളിലുമുള്ള പ്രമുഖ ഐ. ടി. സ്ഥാപനങ്ങൾക്കു നേരെ സുരക്ഷാ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ ഐ.ടി. മേഖലകളിലും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. രാജ്യത്ത് ഇടയ്ക്കിടെ ഉണ്ടാകുന്ന തീവ്രവാദി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പ്രമുഖ ഐ. ടി. സ്ഥാപനമായ തിരുവനന്തപുരം ടെക്നോപാർക്കിൽ സംസ്ഥാന പോലീസിലെ ഉയർന്ന ഉദ്യോഗസ്ഥർ സെക്യൂരിറ്റി ഓഡിറ്റ് നടത്തി പൊതുവിലുള്ള സുരക്ഷ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. തിരുവനന്തപുരം ടെക്നോ പാർക്കിലെ പ്രമുഖ ഐ. ടി. കമ്പനികളുടെ ഉന്നത ഉദ്യോഗസ്ഥരുമായി ഇൻറലിജൻസ് വിഭാഗം എ. ഡി. ജി. പി., സുരക്ഷാ വിഭാഗം ഐ. ജി.പി. എന്നിവർ ഇക്കാര്യത്തിൽ വിശദമായ ചർച്ച 2009 നവംബർ മാസത്തിൽ നടത്തുകയുണ്ടായി സെക്യൂരിറ്റി ഓഡിറ്റ് റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ സെക്രട്ടറി, ഇൻഫർമേഷൻ ടെക്നോളജി ടെക്നോ പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നം. 358 | 17-3-2010 ൽ<br>മറുപടിയ്ക്ക് |

### ടൂറിസ്റ്റുകളുടെ വിവരം ശേഖരിക്കുന്നതിനായി പുതിയ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി:<br>ശ്രീ. എ.എം. ആരിഫ്:<br>ശ്രീ. ബാബു.എം പാലിശ്ശേരി:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ:<br>ശ്രീ. മഞ്ഞളാംകുഴി അലി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകളെ സംബന്ധിച്ച വിവരശേഖരണത്തിനായി എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ, | ബി) കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകളിൽ വിദേശീയരായ ടൂറിസ്റ്റുകൾ ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ളവരാണ്, ആഭ്യന്തര ടൂറിസ്റ്റുകൾ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്, അവർ കേരളത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളിൽ താമസിക്കുന്നു എന്നീ വിവരങ്ങൾ, സ്ഥാപന ഉടമകളിൽ നിന്നും നേരിട്ട്, കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ, ഓൺ ലൈൻ സംവിധാനത്തിലൂടെ ദിനംപ്രതി ശേഖരിക്കുക എന്നതാണ് കേരളാ ടൂറിസം വിവര ശേഖരണത്തിനായി ഏർപ്പെടുത്തിയ പുതിയ സംവിധാനം. ഇതിനായി ഒരു വർഷം മുൻപ് കേരളാ ടൂറിസം നടത്തിയ വിവര ശേഖരണ സർവ്വേയിലൂടെ ആതിഥ്യ സേവന രംഗത്ത്, വിവിധ |

മേഖലകളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ഹോംസ്റ്റേകൾ, ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ, ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ, യാത്രീ നിവാസുകൾ തുടങ്ങിയ എല്ലാ വിഭാഗത്തിലും പെടുന്ന 3842 സ്ഥാപനങ്ങളുടെ വിവര ശേഖരം ഓൺലൈനായി തയ്യാറാക്കുകയുണ്ടായി. തുടർന്നും നിരവധി സ്ഥാപനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ പുതുതായി രജിസ്റ്റർ ചെയ്യുകയും തദ്വാരാ ഇന്ന് ആകെ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം 4284 ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്കെല്ലാം തന്നെ പ്രത്യേകം പ്രത്യേകം യൂസർ നെയിമും പാസ്‌വേർഡും ഉപയോഗിച്ച്, കേരളാ ടൂറിസം അതിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ സ്ഥാപന ഉടമകൾക്കായി മാത്രം പ്രത്യേകം തയ്യാറാക്കിയ വെബ് പേജിൽ കടന്ന്, സഞ്ചാരികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സ്ഥാപന ഉടമകൾക്ക് അഥവാ അവർ ചുമതലപ്പെടുത്തിയവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലും ഒന്നിലധികം കേന്ദ്രങ്ങളിൽ വച്ച് ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| സി) സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങളെ പ്രസ്തുത സംവിധാനത്തിൻ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സി) 4284 |
| ഡി) ഗസ്റ്റ് ഹൗസുകളിലും ഹോട്ടലുകളിലും താമസിക്കുന്ന വിദേശികളെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്ന് വിശദമാക്കുമോ ? | ഡി) ഗസ്റ്റ് ഹൗസുകളിലും ഹോട്ടലുകളിലും എത്ര വിദേശികൾ താമസിക്കുന്നു, അവർ ഏതു രാജ്യത്തുനിന്നും വരുന്നു എന്നീ വിവരങ്ങളാണ് ടൂറിസം വകുപ്പ് ഓൺലൈൻ സംവിധാനത്തിലൂടെ ശേഖരിക്കുന്നത്. എന്നാൽ ടൂറിസം വകുപ്പ് തന്നെ സംഘടിപ്പിക്കുന്ന മറ്റു ചില നിരന്തര സാമ്പിൾ സർവ്വേകളിലൂടെ, വിദേശ ടൂറിസ്റ്റുകളിൽ നിന്നും അവർ ശരാശരി കേരളത്തിൽ ചെലവഴിക്കുന്ന |

ദിനങ്ങൾ, ശരാശരി പ്രതിദിന ചെലവ്, കേരളത്തെക്കുറിച്ച് അവർക്ക് വിവരം ലഭിച്ച ഉറവിടം, തുടങ്ങി കേരളാ ടൂറിസത്തിന്റെ വിപണനത്തിനും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും ആവശ്യമായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്യുകയും ചെയ്യുന്നു. മേല്പറഞ്ഞ സംവിധാനം തന്നെ കെ.ടി.ഡി.സിയും ഉപയോഗപ്പെടുത്തി താമസക്കാരുടെ വിവരം ശേഖരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 359** — **17.03.2010 ൽ മറുപടിയ്ക്ക്**

## മൂന്ന് സെന്റിൽ താഴെയുള്ളവർക്കും ഭവനം ലഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഭവനരഹിതർക്ക് വീട് ലഭിക്കുന്നതിന് മിനിമം മൂന്ന് സെന്റ് സ്ഥലം വേണം എന്ന വ്യവസ്ഥ നിലവിലുള്ളതിനാൽ മൂന്ന് സെന്റ് ഭൂമിയിൽ കുറവുള്ള നിർദ്ധനർക്ക് വീട് നിഷേധിക്കപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ ഈ വിഭാഗക്കാർക്ക് കൂടി വീട് ലഭ്യമാകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ & ബി) ഇല്ല. ഇ.എം.എസ് ഭവന പദ്ധതിക്കുള്ള മാർഗ്ഗ രേഖപ്രകാരം ഗുണഭോക്താവ് നേരിട്ട് ഭൂമി വാങ്ങുന്ന കേസിലും തദ്ദേശ സ്വയംഭരണസ്ഥാപനം ഭൂമി അനുവദിച്ചു നൽകുന്ന കാര്യത്തിലും ഭൂമിയുടെ കുറഞ്ഞ വിസ്തൃതി ഗ്രാമപ്രദേശങ്ങളിൽ രണ്ട് സെന്റും നഗരപ്രദേശങ്ങളിൽ ഒന്നര സെന്റും ആയി നിജപ്പെടുത്തിയിട്ടുണ്ട്. സ്വന്തം ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് സ്ഥലപരിമിതി നിർണ്ണയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 360 17.03.2010 ലെ മറുപടിക്ക്

## ഇ – റിട്ടേൺ ഫയലിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ :<br>ശ്രീ.സി.കെ.പി.പത്മനാഭൻ :<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.പി.വിശ്വൻ :<br>ശ്രീ.പി.കൃഷ്ണപ്രസാദ് : | ഡോ.റ്റി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) ഇ–റിട്ടേൺ ഫയലിംഗ് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത് മൂലം വ്യാപാരികൾക്കും സർക്കാരിനും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (ബി) ഇ ഫയലിംഗ് ലളിതവും സുതാര്യവുമാണ്. ഇന്റർനെറ്റ് സൗകര്യം ലഭ്യമായിട്ടുള്ള എവിടെ വച്ചും എപ്പോൾ വേണമെങ്കിലും വ്യാപാരികൾക്ക് റിട്ടേൺ ഇ ഫയൽ ചെയ്യാവുന്നതാണ്. ഇന്റർനെറ്റ് സൗകര്യം ഇല്ലാത്തവർക്ക് അടുത്തുള്ള അക്ഷയകേന്ദ്രം വഴി സൗജന്യമായി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്.<br>ഇ ഫയലിംഗിനോടൊപ്പം ഇ പേയ്മെന്റും ചെയ്യാവുന്നതിനാൽ വ്യാപാരികൾക്ക് ഓഫീസിൽ കയറിയിറങ്ങേണ്ട ആവശ്യമില്ല. വ്യാപാരികളുടെ ക്രയവിക്രയം സംബന്ധിച്ചുള്ള വിവരങ്ങൾ ഡിപ്പാർട്ട്മെന്റിന് ലഭ്യമാണ്. ഇ പേയ്മെന്റ് മുഖേന നികുതി തത്സമയം തന്നെ ഖജനാവിൽ എത്തും. വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ഡാറ്റാ ബേസിൽ ഉള്ളതിനാൽ റിട്ടേൺ സ്ക്രൂട്ടിണി വഴി കണക്കിൽ ഉൾപ്പെടുത്താത്ത ക്രയവിക്രയങ്ങൾ കണ്ടു പിടിക്കാവുന്നതാണ്. |
| (സി) ഇ റിട്ടേൺ ഫയലിംഗ് ലളിതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) ഓൺലൈൻ റിട്ടേൺ സമർപ്പണം ലളിതവും സുതാര്യവുമാണ്. |

| | |
|---|---|
| (ഡി) സമ്പൂർണ്ണ ഇ ഫയലിംഗിന് നിയമ പ്രാബല്യം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (ഡി) ഇ ഫയലിംഗിന് നിയമപ്രാബല്യം നൽകിയിട്ടുണ്ട്. ഇതിനായി നിയമങ്ങളിൽ യുക്തമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കൂടാതെ ഇൻഫർമേഷൻ ടെക്നോളജി നിയമം, വകുപ്പ് 4 പ്രകാരം ഇത്തരം രേഖകൾ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി സമർപ്പിക്കുന്നതിന് നിയമ പ്രാബല്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ